# ഉണർവ്വ്

## ഉർവ്വരതയുടെ ഹൃദയതാളം




സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ അമ്മമാരുടെ പ്രസിദ്ധീകരണം

**നാലാം ലക്കം**

ഉണർവ്
നാലാം ലക്കം

(For internal circulation only)

## ആമുഖം



പ്രതീക്ഷയുടെ നാമ്പ് തളിർത്തു നിൽക്കുന്ന കുഞ്ഞു മിഴികളിലാണ് സ്വപ്നങ്ങൾ വിടർന്നു നിൽക്കുന്നത്, ജീവിതത്തിന്റെ സൗന്ദര്യവും. സ്വപ്നങ്ങളും പ്രതീക്ഷകളുമുള്ള മിഴിയിലേ തിളക്കവും ഓജസ്സുമുള്ളൂ. ബാല്യം കഴിഞ്ഞ് കൗമാരത്തിലും യൗവ്വനാരംഭത്തിലും ആ തിളക്കം മങ്ങാതെ നിൽക്കാം. ജീവിതത്തിലെ പ്രതിസന്ധികളും വൈഷമ്യങ്ങും തിരക്കുകളും അലട്ടുമ്പോൾ പ്രതീക്ഷയുടെ തിളക്കം മിഴികൾക്ക് നഷ്ടമാകുന്നു.

ജീവിതത്തെ അടുത്തറിയുമ്പോൾ കാഴ്ചപ്പാടുകളിലും സൗന്ദര്യബോധത്തിലും പെരുമാറ്റത്തിലും പ്രതികരണങ്ങളിലും മാറ്റങ്ങളുണ്ടാകുന്നു. അനുഭവങ്ങൾ മനുഷ്യന്റെ സ്വഭാവരൂപീകരണത്തിലും വ്യക്തിത്വഘടനയിലും വലിയ സ്വാധീനമുണ്ടാക്കുന്നു. ആ സ്വാധീനം രചനകളിൽ പ്രകടമാകുന്നു. അത്തരം സ്വാധീനം മുന്നിട്ടുനിൽക്കുന്നവയാണ് ഈ മാഗസിനിലെ എളിയരചനകൾ. മേൽപ്പറഞ്ഞ 'മിഴികളിലെ തിളക്കം' എക്കാലവും നഷ്ടപ്പെടാതെ വെയ്ക്കുകയാണ് മനുഷ്യന്റെ വിജയം. വിനയത്തോടെ സമർപ്പിക്കുന്നു.

**ദിവ്യ ബിജു**
എഡിറ്റർ

# എക്സിക്യുട്ടീവ് ഡയറക്ടറുടെ കുറിപ്പ്



പ്രിയ വായനക്കാരേ,

വളരെയധികം സന്തോഷത്തോടെയാണ് ഞങ്ങൾ 'ഉണർവ്വി' ന്റെ നാലാം ലക്കം നിങ്ങൾക്ക് സമർപ്പിക്കുന്നത്. ''എവിടെയാണ് മുൻപ് പ്രസിദ്ധീകരിച്ച മൂന്നു ലക്കങ്ങൾ?'' എന്ന ചോദ്യം നിങ്ങളുടെ മനസ്സിൽ ഉയരാം. മുൻലക്കങ്ങൾ കയ്യെഴുത്തുപ്രതികളായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഈ ലക്കമാണ് ആദ്യമായി കമ്പ്യൂട്ടറിന്റെ സഹായത്തോടെ ലിപിവിന്യാസവും ലേ-ഔട്ടും നടത്തി പ്രസിദ്ധീകരിക്കുന്നത്.

'ഉണർവ്വ്' തുടക്കം മുതൽ ഒടുക്കം വരെ ഒരു കൂട്ടം വനിതകളുടെ പ്രവർത്തനഫലമാണ്. രൂപകൽപ്പന, ലേ ഔട്ട്, ഉള്ളടക്കം, ഡി ടി പി, അച്ചടി എന്നിവ, ഭിന്നശേഷിയുള്ള സ്വന്തം കുട്ടികളുമായി ദിനംപ്രതി ഈ സ്ഥാപനത്തിൽ എത്തുന്ന അമ്മമാരുടെ സൃഷ്ടിയാണ്. അവരുടെ സർഗ്ഗാത്മകതയും ആത്മവിശ്വാസവും പ്രവർത്തന താത്പര്യവുമാണ് ഇതിന്റെ പേജുകളിൽ പതിഞ്ഞിട്ടുള്ളത്. വ്യത്യസ്തകഴിവുള്ള കുട്ടിയുടെ ജനനത്തോടു കൂടി ജീവിതപന്ഥാവു തന്നെ വഴിതിരിച്ചുവിടേണ്ടിവന്ന ഈ യുവതികൾ ഒരർത്ഥത്തിൽ വീരാംഗനമാരാണ്. എന്തുകൊണ്ടെന്നാൽ, അവരുടേതായ ജീവിത ശൈലിയിൽ കഴിയുന്നത്ര മെച്ചപ്പെട്ടതും സ്വാഭാവികവുമായി ജീവിക്കാൻ ശ്രമിക്കുമ്പോൾ തന്നെ അവരുടെ കുടുംബത്തിന്റെയും കുട്ടികളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്നു. ഈ കലാസൃഷ്ടികൾ അവരുടെ ഉള്ളിലുള്ള ശുഭാപ്തിവിശ്വാസത്തിന്റെ ഊർജ്ജവും ജീവിതത്തിന്റെ പ്രതിസന്ധികളെ മറികടക്കാനുള്ള കഴിവും പ്രതിഫലിപ്പിക്കുന്നു. മുൻലക്കങ്ങൾ വായിക്കുന്നതിനുള്ള അവസരം എനിക്കു ലഭിച്ചിരുന്നു. അവയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളും കഥകളും കവിതകളും പ്രതിഭാവിലാസങ്ങൾ കലർന്ന ഉപദേശങ്ങളും എനിയ്ക്ക് വളരെയധികം പ്രോത്സാഹജനകമായിരുന്നു. ഈ അമ്മമാരുടെ കൂട്ടായ്മയ്ക്ക് എന്റെ ഹാർദ്ദവമായ അഭിനന്ദനങ്ങൾ.

സെറിബ്രൽ പാൾസിയും അനുബന്ധ-വളർച്ചാ വൈകല്യവുമുള്ള കുട്ടികളുടെ ചികിത്സയ്ക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമായി എൻ. ഐ. പി. എം. ആറിൽ ഒരു സ്പെഷൽ ട്രാൻസിഷൻ സ്ക്കൂൾ പ്രവർത്തിക്കുന്നു. ദിവസേന ഈ കുട്ടികളുമായി സ്ക്കൂളിലേക്കു വരുന്ന അമ്മമാർക്ക്, കുട്ടികൾ ക്ലാസ്സിലായിരിക്കുമ്പോൾ കുറച്ച് ഒഴിവ് സമയം ലഭിക്കുന്നു. ഈ സമയങ്ങളിൽ അവർക്കായി, വിവിധ തരത്തിലുള്ള വിനോദോപാധികളും തൊഴിൽ–നൈപുണ്യവികസന പരിശീലനങ്ങളും നൽകി വരുന്നു. കുട്ടികൾ പഠനപ്രക്രിയയുടെ വിവിധ തലങ്ങളിലൂടെ കടന്നു പോകുന്നതോടൊപ്പം ഈ അമ്മമാരും ഒന്നോ അതിലധികമോ കഴിവുകൾ ആർജ്ജിക്കുന്നതിന് ഈ പരിശീലനങ്ങൾ സഹായകരമാകുന്നു. അടുത്ത കാലത്ത്, ഞങ്ങൾ ഇവർക്കായി കമ്പ്യൂട്ടർ പരിശീലനം ആരംഭിക്കുകയുണ്ടായി. 'ഉണർവ്വി'ന്റെ നാലാം ലക്കം പ്രസിദ്ധീകരിക്കപ്പെടുന്നത്, ഈ അമ്മമാർ കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള ശേഷി ആർജ്ജിച്ചതിനു ശേഷമാണ്. ഇത്തരം പ്രവർത്തനങ്ങൾ അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിനുമുള്ള ആത്മവിശ്വാസം പകരുന്നതിനും സഹായകമാകും. കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം അമ്മമാരുടെ താത്പര്യങ്ങൾക്കും ക്ഷേമത്തിനും ഞങ്ങൾ മുൻതൂക്കം നൽകുന്നു. അവരോടൊപ്പം ഒരുമിച്ചുള്ള ഒരു യാത്രയിലാണ് ഞങ്ങൾ - വിദഗ്ദസേവനം നൽകുന്നവർ എന്നനിലയിലും സഹജീവികൾ എന്ന നിലയിലും. കുട്ടികളുടെ പഠന വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം അമ്മമാരുടെ കഴിവുകൾ വികസിപ്പിക്കുക എന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

ഇത് സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങൾ സർവാത്മനാ സ്വാഗതം ചെയ്യുന്നു. ഇതിലെ രചനകൾ നിങ്ങൾക്ക് ഇഷ്ട്ടപ്പെട്ടുവെങ്കിൽ അഭിനന്ദനത്തിന്റെ ഒരു വാക്ക് ചൊല്ലാൻ മടിക്കരുത്. അമ്മമാരുടെ ഈ കൂട്ടായ്മക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഡോ. സാമുവൽ. എൻ. മാത്യു**
എക്സിക്യൂട്ടീവ് ഡയറക്ടർ,
എൻ.ഐ.പി.എം.ആർ.

# ജോയിന്റ് ഡയറക്ടറുടെ കുറിപ്പ്



കയ്യെഴുത്തുപ്രതിയിൽ നിന്നും കമ്പ്യൂട്ടർപ്രതിയിലേയ്ക്ക് 'ഉണർവ്വ്' വളരുകയാണ്. ഈ നേട്ടം ചില്ലറയല്ല. വ്യത്യസ്ത കഴിവുള്ള സ്വന്തം കുട്ടികളെ സ്നേഹാർദ്രതയോടെ പരിപാലിക്കുന്നതിനു മാത്രം ആത്മസമർപ്പണം നടത്തിയ അമ്മമാർ എഴുത്തുകാരും പ്രസാധകരും ആകുന്ന കാഴ്ചയാണ് 'ഉണർവ്വ്' എന്ന ആഭ്യന്തര മാഗസിനിലൂടെ എൻ.ഐ.പി.എം.ആർ–ൽ സംഭവിച്ചത്. ''വേദന തിങ്ങും സമൂഹത്തിൽ നിന്നും ഞാൻ വേരോടെ പൊട്ടിച്ചെടുത്തതാണീ കഥ...''.എന്ന് ആയിഷ എന്ന കാവ്യത്തിൽ നമ്മുടെ യശ:ശരീരനായ പ്രിയകവി വയലാർ രാമവർമ്മ പാടുകയുണ്ടായി. എന്നാൽ ഇവിടെ കഥയും കവിതയും ലേഖനങ്ങളും ജീവിതവേദനയിൽ ഉരുകി കാരിരുമ്പിന്റെ ശക്തിയും സ്വർണ്ണത്തിന്റെ തിളക്കവുമായി നമ്മുടെ മുന്നിൽ അവതരിക്കുന്ന ഈ സൃഷ്ടിക്ക് ഉത്തരവാദികളായ അമ്മമാരെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. തുടർന്നും അവർക്കും അവരുടെ കുട്ടികൾക്കും സമൂഹത്തിന് ആകെയും പ്രയോജനകരമാകുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**സി. ചന്ദ്രബാബു.**
ജോയിന്റ് ഡയറക്ടർ
എൻ.ഐ.പി.എം.ആർ.

ക്രമ നമ്പർ

# ഉള്ളടക്കം

പേജ് നമ്പർ


**ലേഖനം**

4 രാഷ്ട്രഭാഷ - ജ്യോതി 1

5 അമ്മ - സ്റ്റെല്ല ബേബി 2

6 സ്ത്രീ - സ്റ്റാർലറ്റ് റിജു 3

7 ഒരു വാക്കിന്റെ വാഗ്ദാനം – സിന്ധു എൻ. ആർ. 4

8 പോഷകം നിറയും ചക്ക – പ്രിയ ശിവൻ 5

9 ഓണം – രേഷ്മ ഗോപി 7

10 ലവ് ഓഫ് എ മദർ - ആർദ്ര ഹരികൃഷ്ണൻ 8

11 ഇംപോർട്ടൻസ് ഓഫ് ഗുഡ് കാരക്ടർ – സുധ എം. 9

**ആനുകാലികം**

12 കാർഷികരംഗം നേരിടുന്ന പ്രശ്നങ്ങൾ - കൃഷ്ണകുമാരി സി. യു. 10

13 ജൈവകൃഷിയിലേക്ക് ഒരു മടക്കയാത്ര - മിഷ 11

14 ഭൂഗർഭജലസംരക്ഷണം – ദിവ്യ ബിജു 13

**കഥ**

15 യാത്ര - **അഭിനവ് കെ. എസ്.** 15

16 നിശാഗന്ധിപ്പൂവിന്റെ നൊമ്പരം –സിന്ധു എൻ. ആർ. 16

**യാത്രാവിവരണം**

17 കൽക്കത്തയുടെ ഹൃദയത്തിലൂടെ - ഷീബ സുരേഷ് 19

18 മാനവസ്നേഹത്തിന്റെ മധുരം - ജാസ്മിൻ അൻവർ 20

**കവിത**

19 പുതപ്പ് - സിന്ധു എൻ. ആർ. 22

**മറ്റിനങ്ങൾ**

20 വിനോദയാത്ര – ചില ആനന്ദനിമിഷങ്ങൾ 23

21 *'ഉണർവ്വ്'* വായനാക്ലബ്ബ് ഒരുക്കിയ വിഷുക്കണി - ചില ആനന്ദനിമിഷങ്ങൾ 24

22 *'ഹരിതസാന്ത്വനം'* എന്ന പ്രോജക്റ്റിനെ കുറിച്ച് - ലഘു വിവരണം 26

23 കുട്ടികൾ വരച്ച ചിത്രങ്ങൾ 29

# രാഷ്ട്രഭാഷ



സ്വാതന്ത്ര്യം ലഭിച്ച് അറുപത് വർഷങ്ങളായിട്ടും നമുക്ക് സ്വന്തമായി ഒരു രാഷ്ട്രഭാഷ ഇല്ല എന്നുള്ളത് ഒരു ദുഃഖകരമായ അവസ്ഥയാണ്. ഹിന്ദിയെ നമ്മുടെ രാഷ്ട്രഭാഷയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ എന്നരീതിയിൽ ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിച്ചുവെങ്കിലും, ഇപ്പോഴും ഇംഗ്ലീഷ് തന്നെയാണ് ആശയവിനിമയങ്ങൾക്കായി ഉപയോഗിക്കുന്നത്.

ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിക്കാത്തവർ എങ്ങനെ ഒരു വിദേശഭാഷയെ രാഷ്ട്രഭാഷയായി അംഗീകരിക്കുന്നു. ഹിന്ദിയെ അംഗീകരിച്ചാൽ അവരുടെ ഭാഷയ്ക്ക് ശോഷണം സംഭവിക്കുമെന്നുള്ള വാദം തികച്ചും അസംബന്ധമാണ്. നമ്മുടെ സംസ്ക്കാരത്തോടും മൂല്യങ്ങളോടും കൂടെ പിറന്നതും വികാസം പ്രാപിച്ചതുമാണ് ഹിന്ദി ഭാഷ. ഇന്ത്യയിലെ മിക്കഭാഷകളിലെയും അക്ഷരമാല ഒരേ ക്രമത്തിലാണ്. ആകൃതിയിൽ വ്യത്യാസമുണ്ടെങ്കിലും. അതുകൊണ്ട് ഹിന്ദി മനസ്സിലാക്കാനും സംസാരിക്കാനും എളുപ്പമായിരിക്കും.

നമ്മുടെ നാട്ടിൽ ജോലിക്കായി വരുന്ന പതിനായിരക്കണക്കിന് ബംഗാളികളും ആസ്സാമികളും ഒറിയക്കാരും മററും ഹിന്ദിയിലാണ് സംസാരിക്കുന്നത്. അവരുമായി ഇടപഴകുന്നതുമൂലം നമ്മുടെ നാട്ടുകാർ ഹിന്ദി സംസാരിക്കാൻ പഠിച്ചു എന്നതാണ് വാസ്തവം. നമുക്ക് കൂടുതൽ മനസ്സിലാവുന്ന ഭാഷയിൽ ആശയവിനിമയം ചെയ്യുമ്പോൾ പറയുന്ന കാര്യങ്ങൾക്ക് കുടുതൽ വ്യക്തത വരുന്നു. അതുകൊണ്ട് നമുക്ക് എവിടേക്ക് പോയാലും ഒരു ആത്മവിശ്വാസം കൈവരുന്നു. ഹിന്ദി വളരെ എളുപ്പം മനസ്സിലാക്കാവുന്ന ഭാഷയാണ്.

ലോകത്തിലെ മിക്ക രാജ്യങ്ങളിലും അവരുടെ ഭാഷതന്നെയാണ് രാഷ്ട്രഭാഷ. അവർക്ക് പഠനത്തിനോ മററ് ആവശ്യങ്ങൾക്കോ ഒരു വിദേശഭാഷയെ ആശ്രയിക്കേണ്ടി വരുന്നില്ല. ഉദാഹരണമായി ചൈന, ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ മാതൃഭാഷയാണ് ഉപയോഗിക്കുന്നത്. ഇവയെല്ലാം സാമ്പത്തികപരമായും സാങ്കേതികപരമായും നമ്മേക്കാൾ വളരെ മുൻപിലാണ്. അതുകൊണ്ട് ഇംഗ്ലീഷ് ഭാഷ പഠിച്ചാൽ മാത്രമേ വികസനം ഉണ്ടാകൂ എന്ന വാദവും ശരിയല്ല. ഇത്രയും നാൾ നാം ഈ ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയതിനാൽ നമ്മുടെ ഭാഷകൾ ശോഷണത്തിന്റെ വക്കിലാണ്. ഈ ശോഷണം കുറയ്ക്കുന്നതിനായി രാഷ്ട്രഭാഷ ഹിന്ദിയാക്കുകയും, അതാത് സംസ്ഥാനങ്ങളിലെ പ്രാദേശികഭാഷകൾ ഭരണഭാഷയാക്കുകയും ചെയ്യുക.

**ജ്യോതി എം. ആർ.**

## അമ്മ



പെലിക്കൻ പക്ഷി തന്റെ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ മാറുപിളർന്നു ചോര നല്കി സ്വന്തം ജീവൻ വെടിയുന്നത് അമ്മ എന്ന മഹാസത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. കാറ്റത്തും, ഇടിമിന്നലിലും, പേമാരിയിലും, ഒരു തുള്ളിവെള്ളം വീഴാതെ തന്റെ ചിറകിനുള്ളിൽ ഒതുക്കി കൂട്ടുന്ന അമ്മക്കിളിയുടെ ഹൃദയത്തിന്റെ ഭാഷ കറകളഞ്ഞ വാത്സല്യം തന്നെയാണ്. പ്രകൃതിയിൽ സർവ്വജീവജാലങ്ങളെയും എടുത്തുനോക്കിയാൽ, നമുക്ക് അറിയുവാൻ സാധിക്കും അവരിൽ തെളിഞ്ഞുനിൽക്കുന്ന നിത്യസത്യമാണ് അമ്മ.

മാതൃഭാഷയുടെ തേൻമൊഴികളിൽ ഏറെ വൈകാരികമായ രണ്ടക്ഷരമാണ് അമ്മ. അമ്മ എന്ന വാക്കിന്റെ അർത്ഥതലങ്ങൾ നിരവധിയാണ്. അത് മനസ്സിലാകണമെങ്കിൽ അമ്മയുടെ സ്നേഹം എന്തെന്ന് അറിയണം, അനുഭവിക്കണം. കരുതലാകുന്ന, കരുണയാകുന്ന, കാവലാകുന്ന സ്നേഹമാണ് അമ്മ. ഓരോ വ്യക്തിയുടെയും ഭാവിയെ കരുപിടിപ്പിക്കുന്നതിൽ മാതൃസ്നേഹത്തിന്റെ, വാത്സല്യത്തിന്റെ പങ്ക് വളരെ വലുതാണ്. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം ഒരു ശക്തിക്കും മുറിച്ചുമാറ്റാവുന്നതല്ല. കുഞ്ഞ് ആദ്യമായി ഉച്ചരിക്കുന്ന വാക്ക് അമ്മ എന്നാണ്. അത് തമ്മിൽ കാണുന്നതുകൊണ്ട് ഉച്ചരിക്കുന്നതല്ല മറിച്ച് കുഞ്ഞിന് അമ്മയുമായി താൻ ഉരുവാകുന്നതുമുതലുള്ള ബന്ധമാണ് ആ ഉച്ചാരണത്തിലൂടെ സൂചിപ്പിക്കുന്നത്. സ്വന്തം കുഞ്ഞ് എത്ര മോശമാണെങ്കിലും കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ് എന്നപോലെ കുഞ്ഞിനോടുള്ള നിസ്വാർത്ഥമായ സ്നേഹമാണ് അമ്മയെ അമ്മയാക്കുന്നത്.

ആധുനിക സമൂഹത്തിന്റെ തിരക്കുകൾക്കിടയിൽ മക്കൾ വൃദ്ധസദനങ്ങൾ തേടിയെത്തുന്നത് ഒരമ്മയുടെ സ്നേഹവും വേദനയും ത്യാഗവും തിരിച്ചറിയാത്തതുകൊണ്ടാണ്. അമ്മയെ തള്ളിപ്പറയുന്ന മക്കൾ ഒന്ന് അറിയുവാനുണ്ട് അമ്മ എന്നതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ സത്യം. പണ്ടുള്ളവർ പറയും നമ്മുടെ കാണപ്പെട്ട ദൈവമാണ് അമ്മയെന്ന് അത് അങ്ങനെത്തന്നെയാണ്. അമ്മ തന്റെ കുഞ്ഞിനെ സംരക്ഷിക്കുന്നതും താലോലിക്കുന്നതും തിരികെ ഒന്നും പ്രതീക്ഷിച്ചിട്ടല്ല എങ്കിലും മക്കളുടെ സ്നേഹവും തണലും അവർ ആഗ്രഹിക്കുന്നുണ്ട്. കുഞ്ഞിന് വേദനിച്ചാൽ ആ അമ്മ മനസ്സ് വേദനിക്കും. ആ വേദന തിരിച്ചറിയുവാനാണ് ഓരോ മക്കളും ശ്രമിക്കേണ്ടത്. വൃദ്ധസദനങ്ങളിൽ അമ്മമാർക്കുള്ള സീറ്റ് ബുക്ക് ചെയ്യുമ്പോൾ ആ മക്കളറിയാത്ത മറ്റൊരു സത്യമുണ്ട്. ഇതു കണ്ടു വളരുന്ന നാളത്തെ തലമുറയും വൃദ്ധസദനങ്ങൾ തേടിയെത്തുന്നതിൽ സംശയമില്ല.

**സ്റെറല്ല ബേബി**

# സ്ത്രീ



സ്ത്രീകൾക്ക് മാന്യതയും അന്തസും കൽപിച്ചുനൽകേണ്ടത് സമൂഹമാണ്. കുടുംബങ്ങളിൽ നിന്നുമാണ് ഈ സ്ഥാനം നൽകിത്തുടങ്ങേണ്ടത്. രണ്ടു വ്യക്തികൾ ചേർന്നാണ് കുടുംബമുണ്ടാകുന്നത്. കുടുംബത്തിൽ നിന്നുമാണ് നല്ല വ്യക്തിത്വങ്ങൾ ഉണ്ടാകുന്നത്. നല്ല വ്യക്തിത്വങ്ങൾ ചേർന്നാണ് നല്ല സമൂഹമുണ്ടാകുന്നത്. കുടുംബത്തിന്റെയും, വ്യക്തികളുടെയും ഉയർച്ചക്ക് ഒരു പരിധിവരെ കാരണമാകുന്നത് സ്ത്രീകളാണ്. ഒരു കുടുംബത്തിന്റെ പ്രശ്നങ്ങളിലും, ദു:ഖങ്ങളിലും, തളർന്നുപോകാതെ ആ കുടുംബത്തെ കരകയററുന്നതിൽ സ്ത്രീക്ക് വളരെ വലിയ പങ്കാണ് ഉള്ളത്. മനുഷ്യന്റെ നിലനിൽപ്പിനും വളർച്ചക്കും സ്ത്രീ ഒരു അത്യാവശ്യഘടകമാണ്.

സമൂഹത്തിൽ പുരുഷന്റെ ഒപ്പം തന്നെ സ്ഥാനം സ്ത്രീകൾക്കുമുണ്ട്. ഏതു മേഖലയിലായാലും ഇപ്പോൾ സ്ത്രീ സാന്നിധ്യം പ്രത്യക്ഷമാണ്. ഇന്ന് സമൂഹത്തിൽ സ്ത്രീകൾ ഇല്ലാത്ത ഒരു മേഖലയും കാണാൻ സാധിക്കുകയില്ല. സ്ത്രീകൾക്ക് മാന്യതയും ബഹുമാനവും നൽകേണ്ടത് പുരുഷന്മാരാണ്. അത് കുടുംബങ്ങളിൽ നിന്നുതന്നെ തുടങ്ങണം. വീടുകളിലായാലും, തൊഴിലിടങ്ങളിലായാലും, പൊതുസ്ഥലങ്ങളിൽ എവിടെയായാലും, സ്ത്രീകൾ ബഹുമാനിക്കപ്പെടേണ്ടതാണ്. സ്ത്രീകളെ ആദരിക്കുന്ന പുരുഷന്മാർ ന്യൂനപക്ഷമാണ്. സ്ത്രീകളെ തനിക്കൊപ്പം കാണുന്നതിന് പുരുഷന്മാർക്ക് സാധിക്കണം. എന്നാൽമാത്രമേ സ്ത്രീ–പുരുഷ സമത്വം സമൂഹത്തിൽ സാധ്യമാകു. സംഘടിതശ്രമത്തിലൂടെ മാത്രമേ സ്ത്രീ–പുരുഷ വിവേചനം എന്ന അനാചാരത്തിന് മാറ്റമുണ്ടാകു.

ലിംഗസമത്വം എന്ന അവബോധം ക്ലാസ്മുറികളിൽ നിന്നുതന്നെ തുടങ്ങണം. ആൺ–പെൺ വിത്യാസമില്ലാതെ എല്ലാവരും സഹപാഠികൾ എന്ന അവബോധം ഓരോ കുട്ടിക്കുമുണ്ടാകണം. അതിനു ചേരുന്ന വിധത്തിൽ അദ്ധ്യാപനവും പാഠ്യപദ്ധതിയും ആവിഷ്കരിക്കണം. നല്ല വിദ്യാഭ്യാസത്തിൽ നിന്നുമാണ് നല്ല വ്യക്തിത്വങ്ങൾ രൂപം കൊള്ളുന്നത്. നല്ല വ്യക്തികൾ നിറഞ്ഞ, നല്ല സമൂഹങ്ങൾ ഉണ്ടാകുന്നതിന് ഇത് സഹായിക്കുന്നു.

കുടുംബത്തിന്റെ വിജയത്തിനും ഉന്നമനത്തിനും വേണ്ടിയാണ് ഓരോസ്ത്രീയും പ്രവർത്തിക്കേണ്ടത്. ജീവിതത്തിലെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടുന്നതിനുള്ള ധൈര്യം ഓരോ സ്ത്രീക്കും ഉണ്ടാകണം. അതിനു വേണ്ട ധൈര്യവും ശക്തിയും അവൾക്കു നൽകേണ്ടത് സമൂഹവും പുരുഷന്മാരുമാണ്. ഓരോ പുരുഷന്റെ വിജയത്തിനു പിന്നിലും ഒരു സ്ത്രീ ഉണ്ട് എന്ന് പറയുന്നതുപോലെ ഓരോ സ്ത്രീയുടെയും വിജയത്തിനു പിന്നിലും ഒരു പുരുഷനുണ്ടാകണം.

പ്രശ്നങ്ങളില്ലാതെ ജീവിതമില്ല. ജീവിതത്തിലെ പ്രശ്നങ്ങൾ നേരിടുന്നതിനും അതിനെ തരണം ചെയ്യുന്നതിനും ഓരോരുത്തർക്കും സാധിച്ചാൽ, അവന് ജീവിതവിജയം കൈവരിക്കാൻ സാധിക്കും. സ്ത്രീയെന്നോ പുരുഷനെന്നോ ഉള്ള വിവേചനം അതിനുണ്ടായിരിക്കുകയില്ല...

**സ്റ്റാർലറ്റ്.റിജു.**

## ഒരു വാക്കിന്റെ വാഗ്ദാനം



മനുഷ്യഹൃദയത്തിന്റെ താളാത്മകതക്ക് ഭാവദീപ്തി കൈവരുന്നത് വാക്കിന്റെ തലോടലിലും, തഴുകലിലുമാണ്. വാക്കുകൾക്ക് വജ്രത്തേക്കാൾ തിളക്കവും, കൗതുകവും, ശക്തിയും, കാഠിന്യവുമുണ്ട്. ഒരു വാക്കിന് ഒരു ജീവിതം ഇല്ലാതാക്കാനും, ജീവിതത്തെ ഉയിർത്തെഴുന്നേൽപിക്കാനും കഴിവുണ്ടെന്നു പറയുമ്പോഴാണ് വാക്കുകൾ വചനങ്ങളാവുന്നതും, വചനങ്ങൾ മഹത് വചനങ്ങളായിത്തീരുകയും ചെയ്യുന്നത്. നമുക്കു മുൻപേ നടന്നുപോയവർ അനുഭവത്തിന്റെ തീച്ചൂളകളിൽ നിന്നും വാർത്തെടുത്ത വചനങ്ങൾക്ക് ഏതൊരു മനുഷ്യഹൃദയത്തെയും ഉണർത്താനും, ഉയർത്താനും, ഉന്നതങ്ങളിൽ എത്തിക്കാനുമുള്ള കഴിവുണ്ടെന്നു കാണുമ്പോഴാണ് ഭാഷയുടെ ശക്തിയും, വചനങ്ങളുടെ തീവ്രതയും നമുക്ക് ബോധ്യപ്പെടുകയുള്ളൂ.

മുറിവേറ്റിരിക്കുന്ന ഹൃദയത്തിൽ വീണ്ടും വീണ്ടും മുറിവേൽപ്പിക്കുമ്പോഴാണ് വാക്ക് ശക്തമാകുന്നുള്ളൂവെന്ന് ചിന്തിക്കാൻ സാമാന്യബോധമുള്ളവർക്ക് കഴിയില്ല. വ്രണിതഹൃദയത്തിൽ ആശയും, പ്രതീക്ഷയും, സ്വപ്നങ്ങളും നിറയ്ക്കുവാൻ ഉതകുമ്പോൾ മാത്രമേ വാക്കിന് വാക്കിന്റെ ശക്തിവരുകയുള്ളൂ. ഒരു ഫാസിസ്ററ് ചിന്താഗതിയുള്ളവന്റെ വാക്കുകൾക്ക് ഘനഗാംഭീര്യമുണ്ടെങ്കിലും, ആയിരം കൈയ്യടികൾകൊണ്ട് ജനങ്ങൾ ആ വാക്കുകൾ കേട്ടെങ്കിലും, ആ വാക്കിന് ആർത്തലച്ചുപെയ്തു പോയ മഴയുടെ ഒരു ഹുങ്കാരവപ്രതീതി മാത്രമേ മനുഷ്യമനസ്സിൽ ബാക്കിയാക്കാൻ കഴിയുകയുള്ളൂ. ഈ വാക്കുകൾക്ക് ഒരു ചലനവും മനുഷ്യമനസ്സിൽ ഉണ്ടാക്കാൻ കഴിയില്ലെന്നു മാത്രമല്ല അതിനു നിലനിൽപ്പുതന്നെയില്ല. നേർത്തു പെയ്തമഴ, മണ്ണിന്റെ ഹൃദയത്തിലേക്ക്, അതിന്റെ ആത്മാവിലേക്കിറങ്ങുന്ന സുഖം, അങ്ങനെയായിരിക്കണം വാക്കുകളും വചനങ്ങളും.

സംയമനം പാലിക്കുകയെന്നതാണ് ഏറ്റവും വലിയ വിപ്ലവം. മനുഷ്യമനസ്സിൽ ഇത്തരമൊരു വിപ്ലവമാണ് നടക്കേണ്ടതും, അതിനുള്ള ധൈര്യവും, ആർജ്ജവവുമാണ് മനുഷ്യ മനസ്സ് തേടേണ്ടതും, നേടേണ്ടതും. മനസ്സിനേയും, വാക്കിനേയും നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഈ ലോകം കീഴടക്കാൻ ഒരുവനു കഴിയും. വാക്കിന്റെ മാസ്മരികതയെക്കുറിച്ച് പറയുമ്പോൾ ഒരു ബൈബിൾ വചനപ്പെട്ടി എന്റെ മനസ്സിലുണ്ടാക്കിയ ചില ആശകൾ, സ്വപ്നങ്ങൾ, പ്രതീക്ഷകൾ, ആത്മധൈര്യം– എല്ലാത്തിനും ഹിമാലയത്തോളം പൊക്കമുണ്ടായിരുന്നു. ദു:ഖിച്ചിരുന്ന പല സന്ദർഭത്തിലും ഈ വചനപ്പെട്ടി എനിക്കു തന്ന ആശ്വാസം, ആത്മവിശ്വാസം അത് എത്രയെന്നു പറഞ്ഞാൽ അതെന്റെ ജീവിതത്തോളം ശക്തമായിരുന്നു. ജീവിതയാത്രയിൽ പകച്ചപ്പോഴും കുറ്റപ്പെടുത്തലിൽ തളർന്നപ്പോഴും ഒറ്റപ്പെടലിൽ എനിക്കു സംസാരിക്കാനും ഈ വചനപ്പെട്ടി ഒരു സുഹൃത്തിനേപ്പോലെ വഴികാട്ടിയായി. അതിലെ ഓരോ വാക്കിലും എന്റെ വിരൽത്തുമ്പുകൾ ചലിച്ചിരുന്നു. വിരലും, മനസ്സും ഒരു വചനത്തിൽ എത്തിപ്പെടുമ്പോൾ അതെന്നെ വാനോളം ഉയർത്താൻ കഴിവുള്ള വജ്രത്തിളക്കമുള്ള വാക്കായിരുന്നു. പണ്ടൊക്കെ അനുഭവത്തിന്റെ വാർദ്ധക്യങ്ങൾ നമ്മോടു പറഞ്ഞിരുന്ന ചില വാക്കുകൾ, പരസ്പരം ഹൃദയം തുറന്നു സംസാരിക്കുന്നവർ കൈ മാറുന്ന വാക്കുകൾ, തളർന്നുപോകുന്ന സുഹൃത്തിനെ താങ്ങുന്ന വാക്കുകൾ...... ആധുനിക കാലത്തിന്റെ തിരക്കുകളിൽ ആർക്കും വാക്കിന്റെ ശക്തിയോ, ശക്തിയുടെ മഹത്വമോ അറിയാതായിരിക്കുന്നു.

പരസ്പരം സംസാരിക്കാനോ, അനുമോദിക്കാനോ വീടിനകത്തളങ്ങൾ പോലും വിമുഖമാകുമ്പോൾ, വിഷാദരോഗത്താൽ വലയുന്ന വലിയ ഒരു തലമുറ, ശാന്തിയുടെ തീരങ്ങൾ തേടി, മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ഭാഷയും ശക്തിയും തേടി യാത്രയാവുമ്പോൾ ഈ തലമുറയോട് സംവദിക്കാൻ കഴിയാത്ത നമ്മൾ തന്നെയാണ് കുറ്റക്കാർ. വാക്കിന്റെ നിമ്നോന്നതങ്ങളിലൂടെ, ജീവിതത്തിന്റെ ഉപ്പും, മധുരവും, ചാലിച്ച് നൽകാൻ നമുക്ക് കഴിയണം. വാക്കുകൊണ്ട് തഴുകാനും, ഉയർത്താനും, ആത്മവിശ്വാസം നിറയ്ക്കാനും, സ്നേഹപൂർവ്വം തല്ലാനും കഴിഞ്ഞാൽ വാക്ക്വാക്കാവുകയും നാളത്തെ വചനമാവുകയും ഒരു തലമുറയെ ഭാവിയുടെ വാഗ്ദാനമാക്കാനും നമുക്ക് കഴിയും.

**സിന്ധു എൻ. ആർ.**

# പോഷകം നിറയും ചക്ക



എണ്ണം കൊണ്ടും വലുപ്പം കൊണ്ടും ഏറ്റവുമധികം ഭക്ഷണയോഗ്യമായ ഫലം തരുന്ന വൃക്ഷമാണ് പ്ലാവ്. പ്രതികൂല കാലാവസ്ഥയെ തരണം ചെയ്ത് പിടിച്ചുനിൽക്കാനുള്ള കഴിവ് പ്ലാവിനുണ്ട്. പാലുപോലുള്ള ദ്രാവകം ഇലയിലും തടിയിലും കായിലും തൊലിയിലും ഉള്ളതിനാലാണ് 'പ്ലാവ്'എന്ന പേര് ആ വൃക്ഷത്തിനുകിട്ടിയത്. ഭക്ഷണം, ഔഷധം, നീർത്തടസംരക്ഷണം, തണൽ, ശുദ്ധവായു, വിറക്, വളം, തടി ഇവ നൽകി പ്ലാവ് ആവാസവ്യവസ്ഥയുമായി ഏറെ ചേർന്നുനിൽക്കുന്നു. സൂക്ഷ്മജീവികൾ, പറവകൾ, തുമ്പികൾ എന്നിവയ്ക്ക് ആശ്രയമാണ് പ്ലാവ്. സാധാരണക്കാരുടെ വൃക്ഷം എന്ന ഖ്യാതിയും പ്ലാവിനുണ്ട്.

പശ്ചിമഘട്ടത്തിലാണ് പ്ലാവിന്റെ ഉത്ഭവമെന്ന് കരുതുന്നു. കേരളത്തിൽ നാട്ടിൻപുറങ്ങളിലും ഇലകൊഴിയും ഈർപ്പവനങ്ങളിലും അർധരഹിത മഴക്കാടുകളിലും ധാരാളമായി പ്ലാവ് കാണപ്പെടുന്നു. ഇന്ത്യയിൽ കേരളത്തിനു പുറമെ ആസാം, ബംഗാൾ, മധ്യപ്രദേശ്, ബിഹാർ, ഹിമാചൽപ്രദേശ്, തമിഴ്നാട്, കർണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലും പ്ലാവ് ധാരാളമായ് കാണപ്പെടുന്നു. പോർച്ച്ഗീസ് പദമായ 'ജാക്കിൽ' നിന്നാണ് ജാക്ക്ഫ്രൂട്ട് എന്നപദം ഉണ്ടായത്. പനസം എന്നാണ് ചക്കയെ ആയുർവേദത്തിൽ അറിയപ്പെടുക. കണ്ടകഫല, ശ്വാസക, ഗർഭകണ്ട തുടങ്ങിയ പേരുകളും ചക്കയ്ക്കുണ്ട്.

മിക്കവാറും എല്ലായിടങ്ങളിലും വളരാറുണ്ടെങ്കിലും ചുവന്ന ചരൽമണ്ണാണ് പ്ലാവിന് കൂടുതൽ പ്രിയം. ഉറവകൂടുതലുള്ള തോട്, കായൽതീരം, പുഴയോരം, പാടം തുടങ്ങിയ സ്ഥലങ്ങളിൽ വേരിന് കേടുവരുമെന്നതിനാൽ പ്ലാവ് നടാതിരിക്കുന്നതാണ് ഉചിതം.

**ചക്ക പ്രധാനമായും 2 തരം**

കേരളത്തിൽ പ്രധാനമായും രണ്ടുതരം ചക്കകളാണുള്ളത്. വരിക്കയും, കൂഴയും. പഴുക്കുമ്പോൾ കട്ടിയുള്ള മാംസളഭാഗമാണ് വരിക്കയുടേത് അലിയുന്നതും മൃദുവുമാണ് കൂഴയുടേത്. കുരുവും ചുളയും രൂപപ്പെട്ടു വരുന്ന ഇളം പ്രായത്തിലെ ചക്കയെ 'ഇടിച്ചക്ക' എന്നുപറയും. കറയില്ലാത്തത്, സുഗന്ധം പരത്തുന്നത് എന്നിങ്ങനെ നിരവധി ഇനത്തിലും ഗുണത്തിലുമുള്ള ചക്കകൾ ഇന്ന് ലഭ്യമാണ്.

**പൂക്കളും പരാഗണവും**

മഴ മാറി മഞ്ഞു പെയ്യുന്ന ഡിസംബർ-ജനുവരിയിലാണ് പ്ലാവ് പൂക്കാൻ തുടങ്ങുക. സാധാരണഗതിയിൽ പ്ലാവ് 4-5 വർഷംകഴിയുമ്പോൾ പൂത്തുതുടങ്ങും. പൂത്താലും 1-2 വർഷം കഴിഞ്ഞാലേ ഫലമുണ്ടാകൂ.

**രാസഘടന**

പ്രധാനതടിയുടെ കാതലിൽ ബെട്ടൂലിക് ആസിഡും പിഗ്മെന്റുകളും അടങ്ങിയിരിക്കുന്നു. വേരിൽ അർസോലിക് ആസിഡ്, സൈക്ലോ ആർട്ടിക്കാൻ തുടങ്ങിയവയാണ് പ്രധാനമായുള്ളത്.

**പ്ലാവില**

ഔഷധഗുണം കൊണ്ട് ശ്രേഷ്ഠമായ പ്ലാവിലകൾ ഉണങ്ങിക്കഴിഞ്ഞാൽ ഒന്നാന്തരം കമ്പോസ്റ്റുമാക്കാം. പ്രമേഹം, ത്വഗ്രോഗങ്ങൾ, പനി, വ്രണം, പരിക്കുകൾ ഇവയുടെ ചികിത്സക്കായി പ്ലാവില ഉപയോഗിക്കുന്നു.

**വേരുകൾ**

ഭൂമിയുടെ അടിയിലേക്ക് ആഴ്ന്നിറങ്ങുന്ന തായ്‌വേരിലാണ് പ്ലാവിന്റെ നിലനിൽപ്പ്. പ്ലാവ് വലുതായി വരുന്തോറും അതിനെ താങ്ങിനിർത്താനായി തായ്‌വേരിനോടു ചേർന്നുള്ള വലിയ വേരുകൾ പാർശ്വങ്ങളിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു.

**ചക്കക്കുരു**

പോഷകങ്ങളുടെ കലവറയായ ചക്കക്കുരുവിന്റെ പ്രധാന ഘടകങ്ങൾ പ്രോട്ടീനും ജീവകങ്ങളുമാണ്. മാംസ്യം, അന്നജം, ഇരുമ്പ്, കൊഴുപ്പ്, സോഡിയം, പൊട്ടാസ്യം തുടങ്ങിയവ ചുളയിലുള്ളതിനേക്കാൾ കുരുവിലാണ് അടങ്ങിയിരിക്കുന്നത്.

**ചക്കമടൽ**

ത്വക്ക് രോഗങ്ങൾ, വായുശല്യം ഇവ അകറ്റും.

**പ്രിയ ശിവൻ**

## ഓണം

മലയാളികളുടെ ദേശീയോത്സവമാണ് ഓണം. ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമതഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു. തിരുവോണനാളിൽ മലയാളമണ്ണിന്റെ മഹാബലിത്തമ്പുരാന് കേരളമൊട്ടാകെ വരവേൽപ്പേകിക്കൊണ്ടാണ് മലയാളികൾ ഓണം കൊണ്ടാടുന്നത്. ഓണം സംബന്ധിച്ച്, പല ഐതിഹ്യങ്ങളും ചരിത്രരേഖകളും നിലവിലുണ്ടെങ്കിലും ഓണം ആത്യന്തികമായി ഒരു വിളവെടുപ്പ് അഥവാ വ്യാപാരോത്സവമാണെന്ന് കരുതിപ്പോരുന്നു. ഓണം തമിഴ്നാട്ടിൽ നിന്നും കേരളത്തിലേയ്ക്കു സംക്രമിച്ചതാണെന്നാണ് വിദഗ്ധമതം. എല്ലായിടത്തും അത് ക്ഷേത്രോത്സവമായിട്ടായിരുന്നു തുടങ്ങിയതെങ്കിലും പിന്നീട് ഗാർഹികോത്സവമായി മാറി.

ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടുനിൽക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം. അവിടെയാണ് ആദ്യമായി ഓണാഘോഷം നടത്തിയത് എന്നാണ് ഐതിഹ്യമെങ്കിലും അതിനേക്കാൾ വളരെ മുമ്പേ തന്നെ കേരളത്തിലും മധുര ഉൾപ്പെട്ട തമിഴ്നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘകൃതികൾ വെളിപ്പെടുത്തുന്നു. സംഘകാലകൃതിയായ ''മധുരൈകാഞ്ചി'' യിലാണ് ഓണത്തെക്കുറിച്ചുള്ള (ഇന്ദ്രവിഴാ) ആദ്യപരാമർശങ്ങൾ കാണുന്നത്. കാലവർഷം കഴിഞ്ഞ് മാനം തെളിയുന്ന ഈ കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യവ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണമിതാണ്. കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്നു പ്രാധാന്യം എന്നതാണ് ഇന്ദ്രവിഴയും ഓണവും തമ്മിൽ ഉണ്ടായ വ്യത്യസത്തിനുകാരണം.

**തിരുവോണനാളിലെ ചടങ്ങുകൾ**

പ്രാദേശികമായ വ്യത്യാസങ്ങൾ ഉള്ള ചടങ്ങുകളാണ് ഓണത്തിന്. സാധാരണയായി തിരുവോണപ്പുലരിയിൽ കുളിച്ചു കോടി വസ്ത്രമണിഞ്ഞ് ഓണപ്പൂക്കളത്തിന് മുൻപിൽ ആവണിപ്പലകയിലിരിക്കുന്നു. ഓണത്തപ്പന്റെ സങ്കല്പരൂപത്തിനു മുന്നിൽ അരിമാവ് ഒഴിച്ച് പൂക്കുല നിരത്തി പൂവട നിവേദിക്കുന്നു. ഓണനാളിൽ ഒഴിച്ചുകൂടാനാവാത്ത ചടങ്ങാണിത്. കളിമണ്ണിലാണ് രൂപങ്ങൾ മെനഞ്ഞെടുത്തിരുന്നത്. രണ്ടു ദിവസം വെയിലത്താണിവ ഉണക്കിയെടുക്കുന്നത്. തിരുവോണച്ചടങ്ങുകളിൽ വളരെ പ്രാധാന്യമുള്ളതാണ് തൃക്കാക്കര ക്ഷേത്രത്തിൽ മഹാബലി ചക്രവർത്തിയെ വരവേല്ക്കുന്നത്. വാമനന്റെ കാൽപ്പാദം പതിഞ്ഞ ഭൂമിയെന്ന അർത്ഥത്തിലാണ് തൃക്കാക്കര ഉണ്ടായതെന്ന് ഐതിഹ്യം. തൃക്കാക്കരയപ്പന് നേദിച്ച ഭക്ഷണം മാത്രമേ നാം കഴിക്കാവൂ.

*''തൃക്കാക്കരപ്പോ പടിക്കേലും വായോ*
*ഞാനിട്ട പൂക്കളം കാണാനും വായോ*

*ആർപ്പോ വോ വോ വോ…………..''* എന്ന് ആർപ്പ് വിളിച്ച് അടയുടെ ഒരു കഷ്ണം ഗണപതിക്കും മഹാബലിക്കുമായി നിവേദിക്കുന്നു. തുടർന്ന് അരിമാവ് കൊണ്ടുള്ള കോലം വീട്ടിലെ മറ്റു സ്ഥലങ്ങളിലും അണിയുന്നു ഇത് ഐശ്വര്യത്തിന്റ പ്രതീകമായി കാണുന്നു. ഓണസദ്യയാണ് തിരുവോണനാളിലെ പ്രധാന ഭക്ഷണം. ജന്മിയുമായുള്ള ഉടമ്പടി പ്രകാരം പാട്ടക്കാരനായ കുടിയാൻ നൽകേണ്ടിയിരുന്ന നിർബന്ധപ്പിരിവായിരുന്നു ഓണക്കാഴ്ച്ച സമർപ്പണം. വാഴക്കുലയായിരുന്നു പ്രധാന കാഴ്ച്ച.

ഓണത്തിന്റെ പ്രധാന ആകർഷണം ഓണസദ്യയാണ്. ''ഉണ്ടറിയണം ഓണം'' എന്നാണ് വയ്പ്. ആണ്ടിലൊരിക്കൽ പപ്പടവും ഉപ്പേരിയും കൂട്ടാനുള്ള അവസരമായിരുന്നു പണ്ടൊക്കെ സാധാരണക്കാരന് ഓണം. കാളൻ, ഓലൻ എരിശ്ശേരി എന്നിവയാണ് ഓണസ്സദ്യയിലെ പ്രധാന വിഭവങ്ങൾ.

**രേഷ്മ ഗോപി**

# Love of a Mother



A mother is the most precious person. We cannot describe completely in words. However, some of the valuable moment with our most beautiful and caring person in our life. She always cares every moment for our every need without her any personal intention. In the morning she calls us very softly to get rise from the bed and during night she tell us lovely stories to make us sleep with beautiful dreams.

The role of a mother in our life is always different and precious than others involved in our life. Ofcourse we are truly loved and cared by our mothers every moment all through the day. She never wants back anything from her kids instead she loves us with open heart. We as a child also love and care her from our heart but our love cannot be compared with her. Mother is unique in this world in the life of everyone's as a living Goddess who always takes all the pains of her child and gives love and care.

She is the one who spreads her sleepless nights during our sickness and other bad days. She happily involves in our happy moments and understands our each and every likes and dislikes. She always guides us to go ahead at right path and do right things in the life. She is our first teacher who teaches us to always be in discipline, behave in well manners and make us understand about our roles and responsibilities towards families, society and country.

**Aardra Hari Krishnan**

## IMPORTANCE OF GOOD CHARACTER



Character consists of all the collective qualities that distinguish an individual. It is what gives individuality to a person. It is what make up his personality. Character is what a person is when no one is looking. A person of good character will possess several noble qualities like honesty, sincerity, humility, integrity, courage, charity, purity etc.

He is not interested in impressing others. Other people's presence or absence makes no difference to him. He will distinguish himself with a pleasant appearance and endearing manners.

These qualities which make up a person's character, may be acquired from birth or from the surroundings. The behaviour of parents, relatives, visitors, neighbours, servants etc. Instructions at home and at school play a great role in developing good qualities. More than the instructions, the examples set by the elders and peers play a leading role.

Another way to develop those qualities is to make a deliberate effort to increase the good habits. It may take several years to build up a good character. The importance of character is made clear by old saying. When wealth is lost, nothing is lost. When health is lost, something is lost but when character is lost, everything is lost. What takes years to form may be lost within seconds. Once lost it is difficult to retrieve character. A person who has a good character must ensure that he safeguards it, best it be lost. He must try and keep himself away from persons and places that may affect his character. Since it is a very precious possession, It has many advantages. Everybody wants to be associated with such people. They are trusted respected and accepted ever where. Another advantage is that they can think seriously and correctly without selfish consideration. People who have no character are dangerous to society. They are filled with all evil qualities and will grow up to be antisocial elements. They may do any harm to anyone at any time. People usually keep away from those who are without a good character. The success obtained by such people will be short-lived and will not bring joy with it. Any success achieved through evil means cannot bring regret and compunction. We should learn to listen to it when in doubt our motto should be do what the conscience suggests and avoid what it dislike. If the conscience is our guide we will certainly avoid all evils and do what is right. This will help us to build up a good character.

**സുധ എം.**

## കാർഷികരംഗം നേരിടുന്ന പ്രശ്നങ്ങൾ



സമൂഹത്തിന്റെ മനോഭാവം കൃഷിയ്ക്ക് അനുകൂലമായി രൂപപ്പെടുന്നുണ്ട്. കാർഷികവൃത്തി ലാഭകരമായി തീരുന്നതിനുള്ള ശാസ്ത്രീയ നടപടികൾ ഉണ്ടാവണം. ഓരോരുത്തരും അവർക്കാവുന്ന നിലയിൽ ഭക്ഷ്യോൽപ്പാദനത്തിൽ ഏർപ്പെടുന്നു.

പ്രാചീനകർഷകർ സമൂഹത്തിൽ സമാദരണീയരായിരുന്നുവെന്നും കാർഷികജീവിതം പുഷ്ടിപ്പെടുത്താൻ കൈകൊണ്ട നടപടികൾ എന്തായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. പണ്ടത്തെ കർഷകർക്കുവേണ്ടി ഒരുപാടുനിയമങ്ങൾ ഉണ്ടായിരുന്നു ഭൂമി കൃഷിക്കാർക്കുള്ളതാണ്. അത് തരിശാക്കി ഇടരുത്. കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുത്. കൃഷിചെയ്യാൻ മനസ്സുള്ളവരെയാണ് കൃഷിക്കാർ എന്നു വിളിക്കുന്നത്. ഭൂമി തരിശാക്കി ഇടുന്നവരെ നിയമനടപടികൾക്ക് വിധേയമാക്കിയിരുന്നു.

കൃഷി പുണ്യമാണ്. പൊതുചിറ വെട്ടിത്തുറക്കുന്നവനെ ശിക്ഷിക്കണം. ഇവിടെ പൊതുജീവിതത്തിനാണ് പ്രാധാന്യം. സ്വകാര്യലാഭത്തിനായി പൊതുസമ്പത്ത് നശിപ്പിക്കുന്നവർ കടുത്ത ശിക്ഷ അനുഭവിക്കും. ഇത്തരത്തിൽ കൃഷിയെ ആരാധിച്ചിരുന്ന പൗരാണികകാലത്തെ അപേക്ഷിച്ച് ആധുനികകൃഷിയെ ലാഭമുണ്ടാക്കാനുള്ള തൊഴിലായി മാത്രം കാണുന്നു.

കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. തുട്ടുകളായി വിഭജിച്ച് കെട്ടിടങ്ങൾ പണിയുന്നു. കൃഷിയിൽനിന്ന് ആളുകൾ പിൻമാറുകയാണ്. കീടനാശിനികൾ, രാസവസ്തുക്കൾ എന്നിവ ചേർന്ന് അന്നത്തെ വിഷമാക്കുന്നു.

ആനുകൂല്യങ്ങൾ ഇല്ലാതാക്കുവാൻ കൃഷി മാന്യതയില്ലാത്ത ഒരു തൊഴിലായി മാറുന്നു. സ്വന്തം പറമ്പിൽ ഒന്നും ഉണ്ടാക്കാതെ എല്ലാം ചന്തയിൽ നിന്നും വാങ്ങുന്നു. ഇതൊക്കൊണ് സമകാലിക കാർഷികരംഗത്ത് കാണുന്നത്. ഇതെല്ലാമാണ് ആധുനിക കാർഷികരംഗം നേരിടുന്ന പ്രതിസന്ധികൾ.

**കൃഷ്ണകുമാരി സി. യു.**

# ജൈവ കൃഷിയിലേക്ക് ഒരു മടക്കയാത്ര



കൃഷി ഇല്ലാതെ മലയാളികൾക്ക് ജീവിക്കാൻ കഴിയില്ല. കൃഷിചെയ്ത് ഉൽപാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളുമാണ് നാം ദൈനംദിനം ഉപയോഗിക്കുന്നത്. പഴങ്ങളും പച്ചക്കറികളും ഇല്ലാതെ കേരളീയരായ നമുക്ക് ഒരു ദിവസം പോലും ജീവിക്കാനാവില്ല. അത്രത്തോളമാണ് നമ്മളും കൃഷിയും തമ്മിലുള്ള ബന്ധം.

പച്ചക്കറികളും പഴങ്ങളും നാം ധാരാളമായി ഉപയോഗിക്കുന്നു പക്ഷേ കൃഷിചെയ്യുന്നത് വളരെ കുറവുമാണ്. എന്തിനും ഏതിനും നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഇന്ന് കേരളത്തിൽ കൃഷി വളരെ കുറവാണ്. അതിൽ കൂടുതലും രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിയാണ്.

കേരളത്തിൽ ഇന്ന് വരുന്ന പച്ചകറികളിൽ കൂടുതലും തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതാണ്. അതിൽ കൂടുതലും വളരെ അപകടകരമായ കീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നവയും, അത് ചീഞ്ഞു പോകാതിരിക്കുവാനായി മാരകമായ വിഷം തളിച്ചുമാണ് കേരളത്തിലേക്ക് കയറ്റി വിടുന്നത്. എത്ര ദിവസം കഴിഞ്ഞാലും അവ ചീത്തയാകാതെ ഇരിക്കും, അത്രത്തോളം വിഷമാണ് അതിൽ അടങ്ങിയിരിക്കുന്നത്. എത്ര പ്രാവശ്യം കഴുകിയാലും അതിലെ വിഷാംശം പൂർണമായും പോവുകയില്ല. ആ വിഷം നിറഞ്ഞ പച്ചക്കറികളും പഴങ്ങളുമാണ് നാം ദിവസവും ഉപയോഗിക്കുമന്നത്. കച്ചവടക്കാർക്ക് ലാഭമുണ്ടാക്കാനായ് നാം രോഗം വിലക്കൊടുത്ത് വാങ്ങുകയാണ്.

ഇന്ന് എവിടെ നോക്കിയാലും ക്യാൻസർ രോഗികളാണ്. നമ്മുടെ ഭക്ഷണരീതിയാണ് അതിനുകാരണം. വിഷമുള്ള പച്ചക്കറികൾ വാങ്ങിക്കഴിച്ച് ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്ക് നമ്മൾ അടിമകളായി കൊണ്ടിരിക്കുകയാണ്. പച്ചക്കറികൾ മാത്രമല്ല പഴങ്ങളും അതുപോലെ തന്നെയാണ് നമ്മളിലേക്ക് എത്തുന്നത്. പച്ചക്കായ്കളിൽ മാരകമായ വിഷം കുത്തി വച്ച് അത് പഴുപ്പിക്കുന്നു. ഇങ്ങനെ കൃത്രിമമായാണ് പഴങ്ങൾ ഉൽപാദിപ്പിക്കുന്നത്. ഇന്നത്തെ കാലത്ത് പ്രകൃതിദത്തമായ ഫലങ്ങൾ ലഭിക്കുന്നത് വളരെ കുറവാണ്, എല്ലാം കൃത്രിമമാണ്.

ഇതിൽ നിന്നെല്ലാം ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ മുഴുവൻ രോഗികളായ് മാറും. നാം നമ്മുടെ പഴമക്കാരെ കണ്ട് പഠിക്കണം. അവർ എത്ര ആരോഗ്യത്തോടെയാണ് ജീവിച്ചിരുന്നത്. അവർക്ക് ഇന്നുള്ളതുപോലുള്ള രോഗങ്ങൾ ഉണ്ടായിരുന്നില്ല. പഴമക്കാരുടെ രീതിയിലേക്ക് നമ്മൾ തിരിച്ചു പോകണം. ജൈവരീതിയിലുള്ള വളങ്ങളും, അതുപോലെതന്നെ ജൈവരീതിയിൽ നമുക്കു തന്നെ നിർമ്മിക്കാൻ കഴിയുന്ന കീടനാശിനികളും ഉപയോഗിച്ച് കൃഷി ചെയ്യാം. നല്ല രീതിയിലുള്ള വിള ഉൽപാദിപ്പിച്ച് അത് ഉപയോഗിക്കാം. അങ്ങനെ രോഗങ്ങളിൽ നിന്ന് ഒരു പരിധിവരെ നമുക്ക് രക്ഷനേടാം. ഇപ്പോൾ പലയിടങ്ങളിലും ജൈവ പച്ചക്കറികൾ ലഭിക്കുന്നുണ്ട്. പക്ഷേ അതിൽ ചിലയിടത്ത് ജൈവവിള എന്നുള്ള പേര് മാത്രമാണ് ഉള്ളത്, വിൽക്കുന്നത് ജൈവവിളയല്ല. അവിടെ നിന്നുള്ള പച്ചക്കറികൾ പരിശോധിച്ച് അതിലും മാരകമായ കീടനാശിനികൾ തളിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്തിനാണ് ജനങ്ങളെ ഇങ്ങനെ പറ്റിക്കുന്നത്? ലാഭം മാത്രമാണ് ഇന്ന് കച്ചവടക്കാരുടെ കണ്ണിലുള്ളത്, ഗുണമേൻമയല്ല. അത് കൃഷി എന്നല്ല എന്ത് കച്ചവടത്തിലും അങ്ങനെ തന്നെയാണ്.

വർഷങ്ങൾക്കു മുൻപുള്ള കീടനാശിനി പ്രയോഗം മൂലം ഇന്നും ഒരു ഭൂപ്രദേശം മുഴുവൻ ദുരിതം അനുഭവിക്കുകയാണ്. എൻഡോസൾഫാൻ എന്നകീടനാശിനിയുടെ ഉപയോഗം മൂലം കാസർഗോഡ് ജില്ലയിലെ പല പ്രദേശങ്ങളിലേയും ജനങ്ങൾ മാറാരോഗികളായി ജീവിക്കുന്നു. ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ പോലും രോഗത്തിനടിമകളാണ്. അംഗവൈകല്യമുള്ളവരും, മാനസികവളർച്ച ഇല്ലാത്തവരും മാരകരോഗങ്ങൾ ഉള്ളവരുമായിത്തീർന്നു കൊണ്ടിരിക്കുകയാണ്. ഇതാണ് കീടനാശിനി പ്രയോഗം കൊണ്ടുള്ള ഫലം. ഇത് കേരളത്തിലെ ഒരു ജില്ലയിൽ മാത്രമാണെങ്കിലും, വിഷം കലർന്ന പച്ചക്കറികളും ഫലങ്ങളും കഴിച്ച് നമ്മുടെ ആരോഗ്യവും നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള ജീവിതം നമുക്കു വേണമോ? ഒരു വിഭാഗം ജനങ്ങളുടെ ലാഭത്തിനായി ഒരു ദേശത്തെ ജനങ്ങൾ മുഴുവനും മാരകമായ കീടനാശിനി തളിച്ച ഫലങ്ങൾ ഉപയോഗിക്കണമോ? ഇത് നാം ചിന്തിക്കേണ്ട കാര്യമാണ്. അതിനായി നമുക്ക് ഒത്തുചേർന്ന് ജൈവകൃഷിയിലേക്ക് മടങ്ങാം.

രോഗമില്ലാത്ത നാളേക്കായ് നമുക്ക് രാസവളങ്ങളിൽ നിന്നും രാസകീടനാശിനികളിൽ നിന്നുമെല്ലാം മാറി ജൈവവളം ഉപയോഗിച്ച് കൃഷിചെയ്ത് നല്ല പോഷകഗുണമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കാം.

ഇനിയുള്ള തലമുറക്ക് ഈ രീതി നമുക്ക് പകർന്നു നൽകാം. ഇനിയുള്ള തലമുറയെങ്കിലും നമ്മുടെ പഴമക്കാരെപ്പോലെ നല്ല ആഹാരം കഴിച്ച് ആരോഗ്യമുള്ളവരായിത്തീരട്ടെ.

**മിഷ ധീരജ്**

## ഭൂഗർഭജലസംരക്ഷണം



നദികളും തോടുകളും നിറഞ്ഞ് ജലസമ്പന്നമായിരുന്നു കേരളം. സമൃദ്ധമായ മഴയും നദികളും കായലുകളും തടാകങ്ങളും തണ്ണീർത്തടങ്ങളും കുളങ്ങളും അരുവികളും പച്ച പുതച്ച വയലേലകളും മലകളും കൊണ്ട് സുന്ദരമായ കേരളത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? നദികൾ മരിച്ചുകൊണ്ടിരിക്കുന്നു, വന്യമൃഗങ്ങൾ കാടിറങ്ങുന്നു, വരണ്ട സ്ഥലങ്ങളിൽ കാണുന്ന പക്ഷികൾ വന്നിറങ്ങുന്നു മഴയുടെ ലഭ്യത കുറഞ്ഞു വരികയാണ്. ഉയർന്ന ജനസംഖ്യ, വനനശീകരണം, ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, ഭൂഗർഭജലചൂഷണം എല്ലാം കാരണങ്ങളാണ്. തുടർന്നുകൊണ്ടിരിക്കുന്ന വനനശീകരണം ജീവജാലങ്ങളെയും കാർബൺ ആഗിരണത്തെയും കാലാവസ്ഥയെയുമെല്ലാം ബാധിക്കുന്ന ഘടകമാണ്. തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തി കെട്ടിടങ്ങൾ പടുത്തുയർത്തുമ്പോൾ ഭൂഗർഭജലത്തിന്റെ അളവിനെ അതു സാരമായി കുറയ്ക്കുന്നു. അന്തരീക്ഷ ഊഷ്മാവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വർദ്ധനയ്ക്കനുസൃതമായി ഉപരിതലമണ്ണിന്റെ താപനില വർദ്ധിക്കുന്നു. തത്ഫലമായി മണ്ണ് വരളുകയും ഭൂഗർഭജലം വറ്റുകയും ചെയ്യുന്നു. കേരളത്തിലെ മിക്കവാറും നദികളിലും നീരൊഴുക്ക് കുറയുന്നു എന്നാണ് കണ്ടെത്തൽ.

കാലാവസ്ഥാവ്യതിയാനം മൂലം കടൽജലനിരപ്പ് ഉയരുകയും ചെയ്യുന്നു. ഈ പ്രതിഭാസങ്ങളുടെ ഫലമായി ശുദ്ധജലസ്രോതസ്സുകളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്ന പ്രശ്നം കൂടുതലാകുന്നു. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതോപയോഗവും ഹൗസ്ബോട്ടുകളിൽ നിന്നുള്ളതും ഗാർഹികവുമായ വിസർജ്യങ്ങളുടെ ഒഴുക്കിവിടലും ജലസ്രോതസ്സുകളെ മലിനമാക്കി.

ഉപരിതല-ഭൂഗർഭജല ലഭ്യത വർദ്ധിപ്പിച്ചും, ജലോപയോഗം കാര്യക്ഷമമാക്കിയും, ജലമലിനീകരണം നിയന്ത്രിച്ചും നാം ഈ മഹാ-വിപത്തുകൾക്ക് പരിഹാരം കണ്ടേ തീരൂ. ജലം പാഴാക്കിക്കളയാതിരിക്കുക എന്നത് എളുപ്പം സ്വീകരിക്കാവുന്ന പരിഹാരമാർഗമാണ്. ജലസ്രോതസ്സുകളെ മലിനമാക്കാതിരിക്കുക എന്നതാണ് കർശനമായും പാലിക്കേണ്ട അടുത്ത നടപടി. അതിനായി ഓരോ വ്യക്തിയും സ്വയം ഒരു തീരുമാനമെടുത്തേ മതിയാകൂ. ഭാവിതലമുറയ്ക്കു കൂടി ബാക്കി വയ്ക്കേണ്ടതാണ് പ്രകൃതിസമ്പത്ത്. അതു മലിനമാക്കാതെ സൂക്ഷിക്കുകയാണ് നമ്മുടെ കടമ. അശ്രദ്ധമായി വലിച്ചെറിയുന്ന, പ്ലാസ്റ്റിക് പോലുള്ള അജൈവമാലിന്യങ്ങൾ ഭൂമിയിലേയ്ക്ക് വെള്ളം കിനിഞ്ഞിറങ്ങുന്നതിനെ തടയുന്നു എന്ന അറിവില്ലാത്തവർ ഇന്ന് ആരാണുള്ളത്? എന്നിട്ടും നമ്മുടെ പരിസരം പോലും അവ വലിച്ചെറിയാതെ സൂക്ഷിക്കാൻ നാം ശ്രമിക്കുന്നുണ്ടോ?

കൃഷിയിടങ്ങളിൽ തെങ്ങോലകളും ചകിരികളും പുതയിട്ടുകൊണ്ട് ബാഷ്പീകരണം ലഘൂകരിക്കാൻ നമുക്കു കഴിയും. വേനൽമഴയിലും കാലവർഷത്തിലും ലഭിക്കുന്ന വെള്ളം ശേഖരിച്ചുവെക്കാനുള്ള മാർഗ്ഗം അവലംബിക്കുക എന്നതും നാം സ്വീകരിക്കേണ്ട മറ്റൊരു നടപടിയാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലമലിനീകരണം തടയുന്നതിനും തണ്ണീർത്തടങ്ങളും വയലുകളും നികത്തുന്നതിനെതിരെയുമുള്ള നിയമങ്ങൾ കർശനമാക്കിയും ഭേദഗതി വരുത്തുകയും ചെയ്തുകൊണ്ട് ദീർഘകാലനടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ ബാധ്യത. പരിസ്ഥിതിലോലമേഖലകളിലെ പാറയുടെയും ചെങ്കല്ലിന്റെയും ഖനനനിയന്ത്രണവും മണൽഖനനനിയന്ത്രണവും നിയമങ്ങളിലെ പഴുതുകളടച്ചുകൊണ്ടും കള്ളത്തരങ്ങൾ ചെയ്യാൻ പരസ്യമായും രഹസ്യമായും കൂട്ടുനിൽക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിച്ചുകൊണ്ടും പുതിയൊരു അന്തരീക്ഷം നിലവിൽ വന്നേ മതിയാകൂ.

ഭൂമിയിൽ ജലം എന്നത് ഒരു സ്ഥിരമായ നിക്ഷേപമല്ല. മഴയായി വന്ന്, മണ്ണിലൂടെ കിനിഞ്ഞിറങ്ങി, മണ്ണിന്റെയും പാറയുടെയും ഉള്ളറകളിൽ നിറയുന്നതാണ് ഭൂഗർഭജലം. ഈ ഒരു പ്രക്രിയ നടന്നില്ലായെങ്കിൽ ഭൂഗർഭജലം ഉണ്ടാകില്ല. കുറഞ്ഞ സമയത്തിനു- ള്ളിൽ കൂടിയ തീവ്രതയിൽ പെയ്തുതോരുന്ന മഴയാണ് കേരളത്തിന്റെ ശാപം. തന്മൂലം മഴവെള്ളം മണ്ണിൽ താഴാനിടവരുന്നില്ല. നമ്മുടെ പരമ്പരാഗതമായ കൃഷിരീതികൾ തന്നെയാണ് നമ്മുടെ സംസ്ഥാനത്തെ ഇത്രയും നാൾ രക്ഷിച്ചു പോന്നതെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. മഴയാരംഭത്തിൽ പറമ്പുകിളച്ച് മഴവെള്ളത്തെ കിനിച്ചിറക്കിയും മഴകഴിയുമ്പോൾ കട്ടകളുടച്ച് പൊടിച്ചു നിരത്തി ബാഷ്പീകരണം തടഞ്ഞും തത്സ്ഥലജലസംരക്ഷണം എന്ന പ്രക്രിയ പ്രാവർത്തികമാക്കുകയായിരുന്നു അന്നത്തെ കർഷകർ. വലിയ ഒരു മഴക്കുഴിയേക്കാൾ ഗുണം ചെറിയ കൂടുതലെണ്ണം കുഴികൾക്കും അതിനേക്കാൾ പതിന്മടങ്ങു ഗുണം പറമ്പുകിളച്ചുള്ള ജലസംരക്ഷണത്തിനുമുണ്ട്. മലനാട്ടിൽ കുന്നിൻചെരിവുകളിൽ മരങ്ങൾ വെച്ചും കച്ചാല കെട്ടിയും നെൽപ്പാടത്ത് കെട്ടി നിർത്തിയും ഭൂമിയിലേക്ക് മഴവെള്ളത്തിന് വഴിയൊരുക്കി. അതിന്റെ ഫലമാണ് നാമിന്ന് സങ്കോചമില്ലാതെ പലവഴിക്കായി ഊറ്റിയെടുക്കുന്ന ശുദ്ധജലം.

നമ്മുടെ ജീവിതശൈലികളുടെ മാറ്റം അന്തരീക്ഷതാപവികിരണത്തിലെ വർദ്ധനയ്ക്ക് ഏറെ ആക്കം കൂട്ടുന്നു. പുല്ലും ഓടും മേഞ്ഞ വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങളായി. അതിനു മുകളിൽ അലുമിനിയം-തകരമേലാപ്പും ആവശ്യം എന്നതിനേക്കാൾ അലങ്കാരവുമായി. പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള മനസ്സും നമുക്കു നഷ്ടമായി.

വേനൽമഴ മുതൽ ഇടവപ്പാതിയിലെ മഴ വരെ കഴിയുന്നത്ര വെള്ളം മണ്ണിലിറക്കിയേ ഭൂമിയുടെ ജലസംഭരണികൾ നിറയ്ക്കാനാവൂ. റോഡുകളും പാലങ്ങളും വീടുകളും മറ്റുമായി ആവരണങ്ങൾ തീർക്കപ്പെടുന്ന ഭൂമിയ്ക്കു പകരമായി ജലം ഭൂമിയ്ക്കുള്ളിലേയ്ക്കു കിനിഞ്ഞിറങ്ങാനുതകുന്ന പാടശേഖരങ്ങൾ പോലുള്ള കൂടുതൽ ഭൂപ്രദേശങ്ങൾ കണ്ടെത്തിയേ മതിയാകൂ. കുളങ്ങളും ചെറുതോടുകളും ചതുപ്പുനിലങ്ങളും സംരക്ഷിക്കുകയും വേണം.

രാജസ്ഥാനിലെ അൾവാറിൽ, 1985-ൽ 'ജലമനുഷ്യൻ' എന്നറിയപ്പെടുന്ന ശ്രീ.രാജേന്ദ്രസിങിന്റെ നേതൃത്വത്തിൽ 'തരുൺഭാരത് സംഘ്' എന്ന പേരിൽ രൂപം കൊണ്ട ഒരു സംഘടന നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ അവിടത്തെ ആയിരം ഗ്രാമങ്ങളിൽ നശിച്ച നീരുറവകൾ പുനഃസ്ഥാപിച്ചു. അർവാരി, രുപാറൽ സർസ, ഭഗാനി, ജഹജ്വാലി എന്നീ വറ്റിവരണ്ട നദികൾ ജലസമൃദ്ധിയിലേക്ക് തിരിച്ചെത്തുകയും ചെയ്തു. അനുയോജ്യമായ തടയണകൾ നിർമ്മിച്ചുകൊണ്ടാണ് അവരതു സാധിച്ചത്. അശാസ്ത്രീയമായ തടയണകളാണ് കേരളത്തിലെ നദികളിലുള്ളതെന്നാണ് ശ്രീ രാജേന്ദ്രസിങ് അഭിപ്രായപ്പെടുന്നത്. നദീതീരങ്ങളിലെ കയ്യേറ്റങ്ങൾക്ക് തടയിട്ടും പാരിസ്ഥിതികനാശം ഇല്ലാതാക്കിയും നീരുറവകളുടെ ഒഴുക്ക് തടയപ്പെടാതെ സംരക്ഷിച്ചും നമ്മുടെ നദികളെയും പുനരുജ്ജീവിപ്പിക്കാമെന്ന് അദ്ദേഹം പറയുന്നു. സർക്കാരിന്റെയും സമൂഹത്തിന്റെയും വ്യക്തികളുടെയും കൂട്ടായ ശ്രമങ്ങൾ ഇതിനാവശ്യമാണ്. നമുക്കോരോരുത്തർക്കും എന്തുകൊണ്ട് ഒരു പ്രകൃതിസ്നേഹിയായി മാറിക്കൂടാ?

**ദിവ്യ ബിജു**

## യാത്ര



അല്പം നീണ്ടൊരു യാത്രയിലൂടെയാണ് ഞാൻ ഈ ഭൂമിയിൽ എത്തിച്ചേർന്നത്. എന്തോ...എനിക്കായാത്രയെപ്പററി ഒന്നും ഓർമ്മയില്ല. ആദ്യ യാത്രകളിലൊന്നും ഞാൻ ഒറ്റയ്ക്കായിരുന്നില്ല. അന്നങ്ങനെ യാത്ര ചെയ്യാനും എനിക്ക് കഴിയുമായിരുന്നില്ല. എന്നെ അനുഗമിക്കാൻ അന്ന് പലരും ഉണ്ടായിരുന്നു. പിന്നീട് ഞാൻ...അറിവ് തേടിയുള്ള യാത്രകൾ ആരംഭിച്ചു. അമ്മയായിരുന്നു എന്റെ ആദ്യ ഗുരു.

അന്നത്തെ മധുരസ്മൃതികളിൽ ചിലത് മാത്രമേ ഇന്നെന്റെ ഓർമ്മകളിൽ അവശേഷിക്കുന്നുള്ളൂ. മൂടൽമഞ്ഞാൽ ചൂഴപ്പെട്ടതുപോലെ തോന്നുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യാൻ ഞാൻ അതിനിടെ ശീലിച്ചു. ഓരോ യാത്രകളും പുതിയതെന്തോ സമ്മാനിക്കുന്നതായി എനിക്ക് തോന്നി...വിജയങ്ങൾ തേടിയായിരുന്നു പിന്നീടുള്ള എന്റെ യാത്രകൾ...ജൈത്രയാത്രകൾ. അതിനിടെ ഒരു അപരിചിത എന്റെ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. അവളിലൂടെ മറ്റു ചിലരും എന്നിലേയ്ക്ക് നടന്നടുത്തു. അവരെന്റെ ജീവിതത്തിന്റെ സർവ്വസ്വമായി മാറി.

അവരെ പല യാത്രകളിലും അനുഗമിക്കാൻ ഞാനും കൂടി... ഒടുവിൽ ഇതാ ഞാൻ ഇവിടെ..... ബാല്യകൗമാരയൗവ്വനങ്ങളുടെ സുഗന്ധപൂരിതമായ ഓർമ്മകൾക്കിനി വിരാമം. ഒരു വസന്തത്തിന്റെ അന്ത്യം...... ഇനിയും ഞാൻ എന്റെ യാത്ര തുടരുകയാണ്. ഓർമ്മകളുടെ കൂച്ചുവിലങ്ങുകൾ തകർത്തുകൊണ്ട് നശ്വരതയിൽ നിന്നും അനശ്വരതയിലേയ്ക്ക്..... തനിയെ..... നിശ്ശബ്ദമായി...

**അഭിനവ് കെ. എസ്.**

# നിശാഗന്ധിപ്പൂവിന്റെ നൊമ്പരം



ഓർക്കുവാൻ അവൾക്ക് ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ടും ആ കവിത കൈയിൽ കിട്ടിയപ്പോൾ അവൾ അവനെ... അവനെ മാത്രം ഓർത്തു. അന്നുമുതൽ അവൾ അവനെ ഓർക്കാൻ തുടങ്ങി. അവനാ കവിത ഏറെ ഇഷ്ടമായിരുന്നു. ആ ചുണ്ടുകൾ കവിതമൂളുന്നതവൾ കേട്ടിട്ടുണ്ട്.... പക്ഷേ അവനതൊന്നും അറിഞ്ഞിരുന്നില്ല. അവനതു പതുക്കെപ്പതുക്കെ മൂളി... അവളാ ഇല്ലികൾക്കിടയിൽ മറഞ്ഞിരുന്നു... അവൾ സ്വപ്നം കണ്ടു.... വൃന്ദാവനവും, ഗോപികമാരും, സഖികളും, പശുക്കിടാങ്ങളും, വേണുനാദവും, മഞ്ജീരധ്വനിയും പിന്നെ.... രാധയെയും.... കൃഷ്ണനെയും..... അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു.

‘‘എന്നാണവനെ ഞാനാദ്യമായി കാണുന്നത്...’’ മനസ്സ് പിടഞ്ഞു. ‘‘ഒരു ത്രിസന്ധ്യയ്ക്ക് കാവിൽവച്ച്..’’ മനസ്സിന്റെ തട്ടകത്തുവച്ച്... അനന്തകോടി നെയ്ത്തിരികൾക്ക് നടുവിൽവച്ച്. അന്നാദ്യമായി ആ കണ്ണുകൾ അവളുടെ കണ്ണുകളിൽ പതിച്ചു...

‘‘പൂർവ്വജന്മബന്ധമോ, സുകൃതമോ?’’ മനസ്സിനുള്ളിൽ ലജ്ജ... അവൾ കാവിലമ്മയോട് പ്രാർത്ഥിച്ചു... സന്ധ്യാദീപം കൊളുത്തിയപ്പോഴും ഭദ്രദീപത്തിനുമുന്നിൽ മിഴി പൂട്ടിയിരിക്കുമ്പോഴും ആ ഹൃദയം നിറയെ അവനായിരുന്നു... എന്നിട്ടും... എന്നിട്ടും ഒരു വാക്കുപോലും പറയാതെ ഏതോ മണലാരണ്യത്തിലേക്കുപോയപ്പോൾ... എന്തേ ഒരു വാക്ക്... ഒരു നോട്ടം പോലും... രാധയ്ക്കു തന്നില്ല.... എന്തേ രാധയെ ഓർത്തില്ല... എന്തേ രാധയ്ക്കെന്നുമോർക്കാൻ പുല്ലാങ്കുഴൽ തന്നില്ല... മുല്ലപ്പൂമാല തന്നില്ല....

‘‘എന്തിനാ പരിഭവം?’’ പൂർണ്ണേന്ദു അവളോട് ചോദിച്ചു. അന്നാ പൗർണ്ണമിരാവിൽ, ഭൂമി പാൽക്കടലായി മാറിയപ്പോൾ, അങ്ങു ദൂരെ ആകാശം വെള്ളപ്പുടവയണിഞ്ഞപ്പോൾ, താരകങ്ങൾ നൃത്തമാടിയപ്പോൾ അവൾ അവനെ കണ്ടു. അനന്തമായ ആകാശത്തിന്റെ മട്ടുപ്പാവിലേയ്ക്ക് നോക്കി, ആ പച്ചക്കുന്നിൽ, അവൻ കിടന്നു, അവനരികിൽ രാധയായ് അവളും... സ്വപ്നങ്ങളും മോഹങ്ങളും വള്ളിക്കുടിലുകൾ തീർത്തു. അവിടെ ആ വള്ളിക്കുടിലിൽ മുല്ലപ്പൂക്കൾ ചിരിച്ചുണർന്നു. മഞ്ഞുപെയ്യുന്ന ആ നിലാവിൽ ഒരു മന്ദാരപ്പൂവായി, ഒരു കൊച്ചാമ്പൽപ്പൂവായി അവനുണർന്നു... ഒപ്പം അവളും. എന്നിട്ടും...എന്നിട്ടും അവനൊന്നും അറിഞ്ഞിരുന്നില്ല... എങ്കിലും അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു.

ഒരിക്കൽ ഏഴിലംപാലച്ചുവട്ടിൽ അവളിരുന്നു. ഒരു യക്ഷിയായ്... നീണ്ടമുടിയഴിച്ച്... കണ്ണിൽ അഞ്ജനമെഴുതി... ചുണ്ടിൽ അശോകം വിരിയിച്ച് അവളവനെ കാത്തിരുന്നു. ഒരു ഗന്ധർവ്വനായവൻ അരികിലെത്തി. ആ കൈത്തലങ്ങൾ അവളെ ദേവസ്ത്രീയാക്കി. ആ ഹൃദയങ്ങൾ ഒന്നായി. പാരിജാതപ്പൂപോലെ അവൾ ദേവാംഗനയായി പരിമളം വഹിച്ചു... എല്ലാം അവളറിഞ്ഞു.... അവൾ മാത്രം... എങ്കിലും അവനവളുടെ കായാമ്പൂവർണ്ണനായിരുന്നു. ‘‘എനിക്കെന്നുമവൻ സന്ദേശമയക്കാറുണ്ട്.’’ അവളോർത്തു. കാറ്റിന്റെ കയ്യിൽ... പാരിജാതപരിമളം തൂവുന്ന കുഞ്ഞുമേഘങ്ങളിൽ അവനവൾക്കായി കത്തുകളയച്ചു.... പ്രേമലേഖനങ്ങളയച്ചു...

അവളെ ആ പൂന്തെന്നൽ മാടിവിളിക്കും... പിന്നെ ഇറുകെ പുണരും. അപ്പോൾ അവന്റെ കൈത്തലങ്ങളുടെ തണുപ്പവൾക്കനുഭവപ്പെടും. ആ കാറ്റിന് ശ്രുതിയുണ്ട്, രാഗമുണ്ട്, താളമുണ്ട്, കവിതയുടെ രസമുണ്ട്. ഞാനാ കാറ്റിനൊത്ത് നൃത്തം വയ്ക്കും. ‘കാർകൊണ്ടൽ കണ്ട

മയിലിനെപ്പോലെ...' എന്റെ വർണ്ണപ്പീലികൾ മുഴുവനും വിരിച്ച് ഞാൻ നൃത്തം വച്ചു. ഒരു കുയിലിനെപ്പോലെ ഞാൻ പാടി.... ആ താളത്തിനൊത്ത്... ശ്രുതിക്കൊത്ത്. ഞാൻ തളർന്നപ്പോൾ ആ കൈകൾ എന്നെ താങ്ങി... അവൾക്കിന്നതും നല്ല ഓർമ്മയുണ്ട്... പക്ഷേ... അവനതോർക്കുന്നുണ്ടോ.... എങ്കിലും, എന്നായാലും അവൾക്കവനെന്നും കായാമ്പൂവർണനായിരുന്നു.

ഒരിക്കൽ നിലാവിന്റെ നിറനിളയിൽ കുളിച്ച്, വശ്യമനോഹരമായ ആ പൂമുഖം അവൾ കണ്ടു. ശുഭ്രവസ്ത്രമണിഞ്ഞ് ചുണ്ടിൽ പതിഞ്ഞ കവിതയുമായി അവൻ വന്നു. എണ്ണപുരളാത്ത ആ കാർകൂന്തൽ നെറ്റിയിലേക്ക് ഊർന്നുകിടന്നു. അവിടെ ആ കുങ്കുമപ്പൊട്ടിന്റെ വീരത്വം... അവനൊരു തച്ചോളി ഒതേനനല്ലേ... അങ്കംകുറിച്ച് പടയ്ക്കൊരുങ്ങി പുറപ്പെട്ട വടക്കൻ പാട്ടിന്റെ ഓമനപുത്രൻ! ആ കൈകളിലെ നേർത്ത ഇളംനീല നിറമുള്ള നീണ്ടരോമങ്ങൾ. മണലാരണ്യത്തിലെ മരീചികയ്ക്ക് എത്രവശ്യതയാണെന്നോ... എത്ര സൗന്ദര്യമാണെന്നോ... അത് തിളങ്ങിക്കൊണ്ടിരിക്കും. വജ്രം പോലെ, ഇന്ദ്രനീലം പോലെ... അവളിൽ അവനുണ്ടായിരുന്നു. പക്ഷേ... അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു.

ഒരിക്കലവൾ സുമംഗലിയായി. ഒരു ഗാന്ധർവ്വവിവാഹം... ആ ഹരിതാഭമാർന്ന വള്ളിക്കുടിലിനരികിൽ വച്ച്, മാൻപേടകൾക്കുനടുവിൽ വച്ച് ഒരായിരം അശോകങ്ങൾക്കും, മുല്ലവള്ളികൾക്കുമിടയിൽവച്ച് തുളസിപ്പൂമാലചാർത്തി അവനവളെ വധുവാക്കി സിന്ദൂരരേഖയിൽ കുങ്കമം തൊടുവിച്ചു. കാലുകളിൽ ചെമ്പഞ്ഞിച്ചാറുപുരട്ടി..... അവന്റെ പാദങ്ങളിൽ അവൾ അലിഞ്ഞു. ആ പാദധൂളികളേറ്റു പോലും വികാരപാരമ്യതയിലെത്തി. ആ സ്നേഹത്തിലവൾ പുഷ്പിണിയായി.... അവളൊരു തേൻമാവായി... ഇളംപച്ചപ്പൂങ്കുലകൾ നിറഞ്ഞ തണ്ടുകളിൽ അവൾ ചെറുതെന്നലായി മാറി, മരത്തണലിൽ കൗപീനമുടുത്ത കൊച്ചുകുട്ടിയായി... എല്ലാം.... എല്ലാം അവളറിഞ്ഞു. പക്ഷേ.... അവൻ..... എങ്കിലും അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു.

കാലം എത്രവേഗമാണ് കടന്നുപോകുന്നത്. ആരെയും ഗൗനിക്കാതെ, ആരുടെയും പരിഭവം കേൾക്കാതെ. വീണ്ടും ആ നനുത്ത, മഞ്ഞണിഞ്ഞ പ്രഭാതം. എല്ലായിടത്തും മഞ്ഞിൻകണങ്ങൾ വൈഢൂര്യം പോലെ തിളങ്ങി. അവളുടെ കാത്തിരിപ്പിന് ഇന്ന് സമാപ്തിയുണ്ടാകുന്നു. ഇന്നവൻ വരുന്നു... പോയദിനം മുതൽ അവൾ അവനെ കാത്തിരുന്നു. ദിനമെണ്ണി കാത്തിരുന്നു... ഓരോ അസ്തമനവും മറ്റൊരു ഹൃദയഹർഷമായ ദിനത്തിനായവൾ കാത്തിരുന്നു. ഓരോ പ്രഭാതവും ആ വിജനമായ ഇടവഴിയിലേക്കവൾ ഉത്കണ്ഠയോടെ നോക്കും. ആ മഞ്ജുമുഖമൊന്നു കാണാൻ, ആ കവിത വീണ്ടും കേൾക്കാൻ, ആ രാഗം ഒരിക്കൽ കൂടി ആസ്വദിക്കാൻ, തളരുവോളം നൃത്തം വയ്ക്കാൻ... കുഴഞ്ഞ് കുഴഞ്ഞ് ആ മാറിലേക്ക് വീണ് ഇല്ലാതാവാൻ, ആ കുന്നിൻ ചരുവിൽ അനന്തമായ ആകാശത്തിന്റെ മട്ടുപ്പാവിലേക്ക് നോക്കികിടക്കാൻ, ഒക്കെ മനസ്സ് തുളുമ്പി. ''ഇന്നവൻ വരുന്നു...'' ആരൊക്കയോ ആ ആഗമനവാർത്ത അറിയിച്ചപ്പോൾ അവൾ ഒരുങ്ങിയിരുന്നു. ഹൃദയത്തിൽ ശുദ്ധമദ്ദളവും, ഇലത്താളവും, ചേങ്ങിലയും... തിരശ്ശീലനീക്കി കൃഷ്ണലീലകൾ ഭാവരാഗമണിഞ്ഞു. ഇനി വീണ്ടും ഇളംകാറ്റ്... സാന്ദ്രാനുഭൂതി നൽകുന്ന പുലർ കാലവും, സായംസന്ധ്യയും അവൾക്കും അവനുമുള്ളതാണ്. കൈകൾ കോർത്ത് മനസ്സ് ഒന്നാക്കി മഞ്ഞണിഞ്ഞ പ്രഭാതത്തിൽ നീലക്കുറിഞ്ഞികൾ തേടി ഞങ്ങൾ യാത്രയാവും. പക്ഷേ.... അവൾ... ഇല്ല... അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു.

എന്റെ പരിഭവം ഒക്കെ മാറിയിരിക്കുന്നു. അവൾ ഓർത്തു, ഓരോനിമിഷത്തിലും ഹൃദയത്തിന്റെ അരങ്ങത്തെ അമരക്കാരനായി മാത്രമേ അവൾ അവനെ കണ്ടിട്ടുള്ളൂ. ഒരു നീണ്ട വിരഹം. ഇന്നവൾക്ക് അത് വിശ്വാസ്യമല്ല... ഇല്ല, ഒരു നിമിഷം പോലും അവൻ അവളിൽ നിന്നും മറഞ്ഞിട്ടില്ലായിരുന്നു. കണ്ണിന്റെ അമൃതായ, ഹൃദയത്തിന്റെയും ഹൃദയമായ, ജീവന്റെയും ജീവനായ, സ്വപ്നങ്ങൾക്കും സ്വപ്നമായ.... എല്ലാം.... എല്ലാമായ അവൻ! അതൊന്നു മാത്രമാണവളുടെ ചിന്ത. എങ്ങിനെയാണവനെ സ്വീകരിക്കേണ്ടത്. ഓടിച്ചെന്ന് ആ കാലുകളിൽ നമസ്ക്കരിക്കണം, അല്ലെങ്കിൽ

ആ വിരിമാറിൽ  മുഖം അമർത്തണം അല്ലെങ്കിൽ ആ തണുത്ത കൈവിരലുകളിൽ..... അവളുടെ കിനാവുകളിൽ രണ്ടിളം പനംതത്തകൾ കൊക്കുരുമ്മി, ചിറകുവിരിച്ചു. വെള്ളിമേഘങ്ങളിൽ സൂര്യരശ്മികൾ കാഞ്ചനം വർഷിച്ചു. തേൻകുടങ്ങളേന്തിയ മുല്ലപ്പൂവ് മാലകൊരുത്തു. ഒരായിരം കുഞ്ഞിക്കിളികൾ ആ വാകമരത്തിൽ പറന്നിരുന്നു. വാക തളിർത്തു... ചുവന്നപൂക്കൾ, ഇളം കാറ്റവയാൽ പട്ടുമെത്ത തുന്നി. ഹാ! അവളുടെ കിനാവുകൾ യാഥാർത്ഥ്യമാകുന്നു. അവൾക്കവളെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല.

സുഖശീതളമായ ഇളംകാറ്റേറ്റവൾ മയങ്ങി. അവളുടെ കിനാവുകൾ ഗംഗാപ്രവാഹംപോലെയായിരുന്നു. പെട്ടെന്ന്, കിനാവിലെവിടെയോ ഒരു കടവാതിൽ ചിറകടിച്ചുപറന്നു. ആ 'ചുവന്ന കണ്ണുകൾ'... അവളുടെ ഹൃദയത്തിന്റെയും ഹൃദയത്തിലേയ്ക്ക് ചൂഴ്ന്നിറങ്ങി. അവളുടെയുള്ളിൽ കൂരിരുട്ടു പരന്നു. എങ്ങും ഇരുട്ട്... കട്ടപിടിച്ച ഇരുട്ട്... കറുത്ത ദംഷ്ട്രം കാട്ടിച്ചിരിച്ചുകൊണ്ട്, ആ ഇരുട്ടവളെ മൂടി... 'അപശകുനം'. അവളുടെ ബോധമണ്ഡലത്തിലെവിടെയോ ഒരു കൊള്ളിയാൻ മിന്നി.

അവളെ ആരോ ഏതോ നിഗൂഢഗർത്തത്തിലേക്ക് തള്ളിവിട്ടു... കൈകാലിട്ടടിച്ച്... ചിറകുകൾ കുഴഞ്ഞ് കണ്ണുകൾ താഴ്ന്നു. ഏതോ അത്യഗാധതയിലേക്ക് മറയുന്നു. എവിടെയോ ചില പിഴവുകൾ. എവിടെയാണ് പിഴവുകൾ... ഇനി എന്താണു ചെയ്യേണ്ടത്. ഒന്നിനും ഒരു രൂപവുമില്ല. എന്തൊക്കെയോ മോഹിച്ചു, പക്ഷേ ഒന്നും...ഒന്നുംതന്നെ നേടിയില്ല. എല്ലാം വ്യർത്ഥം. അത്യഗാധതയിൽ തകർന്ന് ചിതറുന്നതിനു മുൻപ് ആ പനിനീർചന്ദ്രികയെ ഓർത്തു. ആ കുഞ്ഞിളം മുഖം മനസ്സിന്റെ മണിച്ചെപ്പിൽ, ആത്മാവിന്റെ അമൃതത്തേരിൽ ഒരിക്കലും തകരാതെ, ചിന്നിച്ചിതറാതെ കാക്കും. കാരണം അവൾക്കവനെന്നും കായാമ്പൂവർണ്ണനായിരുന്നു. ഞാറക്കിളിപോലെ വാവിട്ടുകരയുമ്പോൾ ആ നനുത്ത കൈത്തലം അവളുടെ മൂർദ്ധാവിനെ തഴുകിക്കൊണ്ടിരുന്നു. ഒരു പ്രേമസാക്ഷാത്ക്കാരം പോലെ! അന്നാദ്യമായ് ആ നിശാഗന്ധിപൂവ് ഒരു പൗർണ്ണമിയെകണ്ടു...ആ പൂർണ്ണചന്ദ്രനെ അടുത്തു കണ്ടു... ആ പരിവട്ടത്തിനുള്ളിൽ അവരിരുവരും ദേവീഗന്ധർവ്വരായി....

**സിന്ധു എൻ. ആർ.**

## കൽക്കത്തയുടെ ഹൃദയത്തിലൂടെ



ഞാൻ ആദ്യമായി ട്രെയിനിൽ യാത്ര പോയത് കൽക്കത്തയിലേക്കാണ്. എന്റെ ഭർതൃ മാതാവിന്റെ ജന്മനാടായ കൽക്കത്തയിലേക്ക് ഞാൻ ഭർത്താവുമൊന്നിച്ച് 2002 സെപ്തംബർ മാസത്തിലാണ് യാത്രതിരിച്ചത്. തൃശൂരിൽ നിന്നും ട്രെയിനിൽ യാത്ര തിരിക്കുമ്പോൾ മനസ്സ് സന്തോഷം കൊണ്ട് തുള്ളിത്തുടിക്കുകയായിരുന്നു 3 ദിവസത്തെ ട്രെയിൻ യാത്രയായിരുന്നു കൽക്കത്തയിലേക്ക്. പോകുന്ന വഴിക്ക് പുണ്യ നദികളായ ഗംഗ, കാവേരി, സിന്ധു എന്നിവ കാണാൻ സാധിച്ചത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. മൂന്നാമത്തെ ദിവസം ഞങ്ങൾ കൽക്കത്തയിലെത്തി.

അമ്മയുടെ വീട്ടിലെത്തി ക്ഷീണമെല്ലാം തീർത്തശേഷം ഞങ്ങൾ ആദ്യം പോയത് ഹൗറ ബ്രിഡ്ജ് കാണാനാണ്. വളരെ അത്ഭുതത്തോടെയാണ് ഞാൻ ബ്രിഡ്ജും പരിസരവും നോക്കിക്കണ്ടത്. നോക്കെത്താദൂരത്തോളം ഉയർന്നു നിൽക്കുന്ന കെട്ടിട സമുച്ചയങ്ങൾ. അവിടുത്തെ ആളുകളെല്ലാം ബംഗാളിഭാഷയാണ് സംസാരിക്കുന്നത്. ഭർത്താവിന് നന്നായി ഭാഷ അറിയാവുന്നതു കൊണ്ട് എനിക്ക് ബുദ്ധിമുട്ടൊന്നും അനുഭവപ്പെട്ടില്ല. അതുപോലെ അവരുടെ ഭക്ഷണരീതിയുമായി എനിക്ക് പെട്ടെന്ന് പൊരുത്തപ്പെടാൻ സാധിച്ചില്ല. കടുകെണ്ണയിലാണ് അവർ ഭക്ഷണം പാചകം ചെയ്തിരുന്നത്. അവിടുത്തെ ആളുകൾ കൂടുതലും മധുരപ്രിയരാണ്. ഓരോദിവസവും ഞങ്ങൾ പുതിയ പുതിയ സ്ഥലങ്ങൾ കാണുവാൻ യാത്രതിരിച്ചു. നമ്മുടെ നാട്ടിൽ പണ്ട് പ്രചാരത്തിലുണ്ടായിരുന്ന സൈക്കിൾ റിക്ഷയിൽ യാത്രചെയ്തു. അതിനുശേഷം ഞങ്ങൾ ഭൂഗർഭ ട്രയിനിൽ കയറി യാത്രചെയ്തത് മറക്കാനാകാത്ത അനുഭവമാണ്. അതിനുശേഷം പ്രശസ്തമായ കാളിക്ഷേത്രമായ 'കാളീഘട്ട്' പോയികണ്ടു. പിന്നീട് ഓരോ ദിവസങ്ങളിലായി നേതാജിഭവൻ, രവീന്ദ്രസദൻ, വിക്ടോറിയമെമ്മോറിയൽഹാൾ, ബിർളമന്ദിർ, എന്നീ സ്ഥലങ്ങളൊക്കെ ഞങ്ങൾ പോയികണ്ടു.

പിന്നെ ഞങ്ങൾ എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു സ്ഥലത്തേക്കാണ് പോയത്. പാവങ്ങളുടെ അമ്മ എന്നറിയപ്പെടുന്ന, അനാഥരുടെ കണ്ണീരൊപ്പുന്ന, കുഞ്ഞുങ്ങളുടെ ആശ്രയമായ മദർതെരേസ നിത്യവിശ്രമം കൊള്ളുന്ന പള്ളിയിലേക്ക്.അവിടേക്ക് കയറിയപ്പോൾ മുതൽ പറഞ്ഞറിയിക്കാനാവാത്ത ഒരു അനുഭൂതിയായിരുന്നു. ഇപ്പോൾ ആ സ്ഥലം 'മദർഹൗസ്' എന്നാണറിയപ്പെടുന്നത്. അതിനുശേഷം വലിയൊരു പാർക്കായ സയൻസിറ്റിയിലേക്ക് പോയി. ദംദം വിമാനത്താവളം കണ്ടതും വലിയൊരു അത്ഭുതമായി തോന്നി. ഞാൻ വായനയിലൂടെ മാത്രം അറിഞ്ഞിട്ടുള്ള ഈ സ്ഥലങ്ങളെല്ലാം ഒരു സ്വപ്നത്തിലെന്ന പോലെയാണ് ഞാൻ അടുത്തു കണ്ടത്. രണ്ടു മാസത്തിനുശേഷം ആ വലിയ നഗരത്തോടു വിടപറഞ്ഞത് മനസ്സിൽ വല്ലാത്ത ഒരു ഭാരത്തോടെയായിരുന്നു.

**ഷീബ സുരേഷ്**

## മാനവ സ്നേഹത്തിന്റെ മധുരം.



കോഴിക്കോടുള്ള ഓട്ടോക്കാർ വളരെ സ്നേഹമുള്ളവരാണെന്ന് പറഞ്ഞ് കേട്ടിട്ടുണ്ടല്ലോ. ആ സ്നേഹം അനുഭവിച്ചറിഞ്ഞപ്പോഴാണ് അതിന്റെ തീവ്രതയും വൈകാരികതയും എനിക്ക് മനസ്സിലായത്. ആ നിമിഷത്തിന്റെ ഓർമ്മകളിലേക്കൊന്ന് ഊളിയിടാൻ ഞാൻ നിങ്ങളെ കൂടി ക്ഷണിക്കുകയാണ്.

2016 സെപ്റ്റംബർ 7ന് ലോക സെറിബ്രൽ പാൾസി ദിനത്തോടനുബന്ധിച്ച് NIPMR ൽ നടന്നു വന്നിരുന്ന സെമിനാറുകളിൽ ക്ലാസ്സ് എടുക്കുന്നതിനു വേണ്ടിയാണ് കോഴിക്കോട് കേന്ദ്രസർക്കാരിന്റെ കീഴിൽപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന CRCയിൽ നിന്നും ഒക്യുപേഷണൽ തെറാപ്പിസ്റ്റ് ശ്രീ ഒക്ടോൺ, ശ്രീ കുറിഞ്ചിശെൽവൻ എന്നിവർ എത്തിയത്. ഒക്യുപേഷണൽ തെറാപ്പിയെ കുറിച്ചും, ഈ ചികിൽസാവിധി കുട്ടികളിലുണ്ടാക്കുന്ന മാറ്റത്തെ കുറിച്ചുമുള്ള ക്ലാസ്സ് കേട്ടതിനു ശേഷം ഞങ്ങളുടെ സ്പീച്ച് തെറാപ്പിസ്റ്റിന്റെ നിർദ്ദേശ പ്രകാരം കോഴിക്കോട് CRCയിൽ പോകാൻ ഞങ്ങൾ മൂന്ന് മാതാപിതാക്കൾ തീരുമാനിച്ചു.

അങ്ങനെ ഞങ്ങൾ മൂന്ന് കൂട്ടരും ഫെബ്രുവരി മാസത്തിൽ കോഴിക്കോടെത്തി. കോഴിക്കോടിന്റെ പ്രൗഢഗാംഭീര്യം നിറഞ്ഞ നിരത്തുകൾ നോക്കി കണ്ടു കൊണ്ട് CRCയിൽ എത്തിച്ചേർന്ന ഞങ്ങൾക്ക് ഓരോ വിഭാഗത്തിലും വിശദമായ, ആത്മാർത്ഥമായ പരിശോധനകളും നിർദ്ദേശങ്ങളും ലഭിക്കുകയുണ്ടായി. കുട്ടികളുടെ അവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, തെറാപ്പിയും കാണിച്ചു തന്നു. നിറഞ്ഞ മനസ്സോടെ അവിടെ നിന്നും ഇറങ്ങിയപ്പോൾ അടുത്ത പ്രശ്നം ഞങ്ങൾക്ക് മുന്നിൽ വന്നു. കോഴിക്കോട് ജംഗ്ഷനിൽ എത്തിച്ചേരുന്നതിന് 5–6 കിലോമീറ്റർ ദൂരം പോകണം. ഓട്ടോറിക്ഷയെ ആശ്രയിക്കേ ണ്ട അവസ്ഥയാണ് ഉള്ളത്. ഉച്ച സമയമായതിനാൽ CRC യിൽ ആ സമയത്ത് ഓട്ടോറിക്ഷകൾ ഒന്നും രോഗികളെയും കൊണ്ട് വരുന്നില്ലായിരുന്നു. CRC പരിസരത്ത് ഓട്ടോസ്റ്റാന്റും ഇല്ല. ഭക്ഷണമോ വെള്ളമോ കഴിക്കാൻ കിട്ടുന്ന സ്ഥലമല്ലായിരുന്നു. ആ പ്രദേശം വേണ്ടത്ര പുരോഗമനം ഇല്ലാത്ത സ്ഥലമായിരുന്നു. ബസ് സൗകര്യവും ആ പ്രദേശത്ത് ഉണ്ടായിരുന്നില്ല. 5–6 കിലോമീറ്റർ കുട്ടികളെയും കൊണ്ട് നടക്കുകയെന്നത് ഏറെ ശ്രമകരമായിരുന്നു, ചുട്ടുപൊള്ളുന്ന വെയിലും. സമയം ഏകദേശം 1.30 മണിയും ആയിരുന്നു. ഇനിയെന്തു ചെയ്യും എന്ന് കരുതിയിരിക്കുമ്പോഴാണ് ആ സ്ഥാപനത്തിലേക്ക് ഒരു ഓട്ടോ കടന്നു വന്നത്. അവിടെ തെറാപ്പിക്ക് വന്ന ഒരു സ്ത്രീയെയും കുട്ടിയെയും തിരിച്ച് വീട്ടിലെത്തിക്കാൻ വന്ന ഓട്ടോയായിരുന്നു അത്. ഞങ്ങൾ ആ ഓട്ടോക്കാരനെ സമീപിച്ച് ഞങ്ങളുടെ ആവശ്യം ഉന്നയിച്ചപ്പോൾ ആദ്യം അയാൾ പറഞ്ഞു "ഞാൻ ഭക്ഷണം കഴിക്കാൻ പോകുന്ന വഴിയാണ്, പിന്നെ തെറാപ്പിക്ക് വന്നവരെ അവരുടെ വീട്ടിൽ എത്തിക്കുകയും വേണം". ഇത്രയും പറഞ്ഞ് അയാൾ ഞങ്ങളെ ഒന്ന് നോക്കിയപ്പോഴാണ് ഞങ്ങളുടെ മക്കളെ അയാൾ കണ്ടത്. അപ്പോൾ അയാളുടെ ഹൃദയം അലിഞ്ഞു പോയി. അയാൾ കൊണ്ടുപോകേണ്ട രോഗിയെ അവിടെ പറഞ്ഞ് ഇരുത്തിയിട്ട് ഞങ്ങൾ മൂന്ന് അമ്മമാരെയും കുട്ടികളെയും ജംഗ്ഷനിൽ എത്തിക്കാമെന്ന് അയാൾ സമ്മതിച്ചു.

ആ യാത്രയിൽ ഞങ്ങളുടെ നാടിനെ കുറിച്ചും, സ്ഥലത്തെ കുറിച്ചും കുട്ടികളുടെ അവസ്ഥയെ കുറിച്ചും അയാൾ സ്നേഹപൂർവം ചോദിച്ചറിഞ്ഞു. അങ്ങിനെ ഞങ്ങളെ വളരെ സുരക്ഷിതമായി, ഭക്ഷണം കഴിക്കാനും ബസ് പിടിക്കാനും സൗകര്യമുള്ള കോഴിക്കോട് ടൗണിൽ ഇറക്കി. ഓട്ടോ ചാർജ് എത്രയായി എന്ന് ചോദിച്ചപ്പോൾ, പൊരിവെയിലത്ത് മെറ്റൽ വിരിച്ച വഴിയിലൂടെ നടന്നു വരുന്ന ഞങ്ങളുടെ ഭർത്താക്കൻമാരെയും കൊണ്ടു വരാം, അവരിൽ നിന്നും പണം വാങ്ങാമെന്ന് പറഞ്ഞ് ആ ഓട്ടോക്കാരൻ പോയി.

പത്ത് പതിനഞ്ച് നിമിഷങ്ങൾക്കുള്ളിൽ അവരും എത്തിച്ചേർന്നു. പക്ഷേ അവർ എത്തിയത് വേറെ ഒരു ഓട്ടോയിലായിരുന്നു. ആ നല്ലവനായ ഓട്ടോക്കാരനെ കണ്ടില്ലേയെന്ന് ഞങ്ങൾ ജിജ്ഞാസയോടെ ചോദിച്ചു. ആ ഓട്ടോക്കാരൻ തന്നെയാണ് മറ്റൊരു ഓട്ടോറിക്ഷ അവർക്ക് എത്തിച്ചു കൊടുത്തതും, സുരക്ഷിതമായി ഞങ്ങൾക്കരികിൽ എത്താൻ അവരെ സഹായിച്ചതും. എങ്കിൽ “അദ്ദേഹത്തിന് പണം കൊടുത്തോ, നിങ്ങളുടെ കയ്യിൽ നിന്നും വാങ്ങാമെന്നാണ് അദ്ദേഹം പറഞ്ഞത്” എന്ന് ഞങ്ങൾ അവരോടു ചോദിച്ചു. പക്ഷേ ആ മനുഷ്യസ്നേഹി പണത്തിന്റെ കാര്യം പറഞ്ഞതുമില്ല, അവർക്ക് ഞങ്ങൾക്കരികിൽ എത്താനുള്ള ഏർപ്പാടുകളും ചെയ്തു കൊടുത്തുവെന്ന് ഞങ്ങൾക്ക് മനസ്സിലായി.

അന്യന്റെ വേദന മനസ്സിലാക്കാൻ കഴിവുള്ള ഹൃദയത്തിന് നന്ദി പറഞ്ഞ് കൊണ്ട് ഞങ്ങൾ കോഴിക്കോടിന്റെ ബിരിയാണി ഗന്ധത്തിലലിഞ്ഞു. ഭക്ഷണം കഴിച്ച് തൊട്ടടുത്ത ബസ് സ്റ്റോപ്പിൽ നിന്നും ബസ് കയറുമ്പോഴും ഞങ്ങളുടെ കണ്ണുകൾ ആ മനുഷ്യസ്നേഹിയെ തിരയുകയായിരുന്നു. എവിടെയോ വായിച്ചറിഞ്ഞ, കോഴിക്കോടുള്ള ഓട്ടോക്കാർ സ്നേഹമുള്ള ഹൃദയത്തിനുടമകളാണെന്ന സത്യം അനുഭവ വേദ്യമായതിന്റെ ഉൾപുളകത്തിൽ ആ മനുഷ്യസ്നേഹിക്ക് വേണ്ടി മനസ്സിൽ നന്ദിയും പ്രാർത്ഥനയുമായി ഞങ്ങൾ കോഴിക്കോടിന്റെ മണ്ണിൽ നിന്നും യാത്ര തിരിച്ചു. കയ്യിൽ കോഴിക്കോടിന്റെ തനതു ഹൽവയും കരുതി. കോഴിക്കോടൻ ഹൽവയ്ക്കും, കോഴിക്കോടൻ മനസ്സിനും സ്നേഹത്തിന്റെ മധുരമാണ്...., മാനവ സ്നേഹത്തിന്റെ മധുരം.........

**ജാസ്മിൻ അൻവർ**

## പുതപ്പ്



ഞാൻ ഈ മുറിയിൽ തനിച്ചായിരുന്നു
കറങ്ങുന്ന ഫാനിന്റെ മുരൾച്ചയിൽ
രാത്രിയുടെ ശബ്ദം ഞാനറിഞ്ഞില്ല
ഓർമ്മകളുടെ ഓളപ്പരപ്പുകളിൽ
ഒരു കൊള്ളിയാൻ മിന്നിത്തെറിച്ചു
മെഴുകുതിരി തെളിച്ചെഴുന്നേറ്റപ്പോൾ
പുറത്ത് മഴയുടെ കിലുകിലുക്കം
തുറന്നിട്ട ജനലിലൂടെ ചൂളമിട്ട്
തണുത്ത കാറ്റ് വീശിയടിച്ചു
ആലിലപോലെ വിറച്ചു ഞാനോടി
തപ്പിത്തടഞ്ഞ് അലമാരയിൽ നിന്നും
കറുത്ത കരിമ്പടം പുതച്ചു മഴയെനോക്കി
മഴത്തുള്ളികൾ ചിരിച്ചുകൊണ്ടെന്നോടു ചോദിച്ചു
നീ ഇന്നും തനിച്ചാണോ......

**സിന്ധു എൻ. ആർ.**

*എൻ. ഐ. പി. എം. ആർ സ്പെഷൽ സ്ക്കൂളിൽ നിന്നും എറണാകുളം സുഭാഷ് പാർക്ക്, മറൈൻ ഡ്രൈവ്, ലുലുമാൾ, ചെറായി ബീച്ച് എന്നിവിടങ്ങളിലേയ്ക്ക് വിനോദയാത്ര പോവുകയുണ്ടായി.*

*ചില ആനന്ദനിമിഷങ്ങൾ:–*





*എൻ. ഐ. പി. എം. ആറിൽ വിഷുവാഘോഷത്തിന്റെ ഭാഗമായി 'ഉണർവ്വ്' വായനാക്ലബ്ബ് ഒരുക്കിയ വിഷുക്കണി:-*








National Institute of Physical Medicine and Rehabilitation

## ഹരിതസാന്ത്വനം

എൻ. ഐ. പി എം. ആറിൽ ചികിത്സയ്ക്കെത്തുന്ന കുട്ടികളുടെയും മുതിർന്നവരുടെയും സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസത്തിന്റേയും ഭാഗമായി ആളൂർ കൃഷിഭവന്റെ സാമ്പത്തികസഹായത്തോടെ 'ഹരിതസാന്ത്വനം' എന്ന പേരിൽ പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൃഷിവികസനപദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട എം.എൽ.എ. പ്രൊഫസർ അരുണൻ മാസ്റ്റർ ചെയ്തു. പരിപാടിയോടനുബന്ധിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി ഒരു കൃഷി അനുബന്ധ ക്ലാസ്സ് സംഘടിപ്പിച്ചിരുന്നു. തെക്കുംകര കൃഷി ഓഫീസർ ശ്രീ. സുചിത്ത് പി.ജി.യാണ് ക്ലാസ്സ് നയിച്ചത്.....




ഹരിത സാന്ത്വനം
NIPMR



Leaf extracts
ഹരിത സാന്ത്വനം
NIPMR





## കുട്ടികൾ വരച്ച

# ചിത്രങ്ങൾ


Abhishek.M.S


Abhishek.M.S




Abhishek.m.s


Abhishek. M.S




Abhishek.M.S.



സുധിപ് ബിജു



C.G. ATHUL KRISHNA



Gagan babu


Ashik.

## ഒരുവാക്കുകൂടി

പെയ്യാൻ വിങ്ങിനിൽക്കുന്ന മാനവും പെയ്തുതോർന്ന ആകാശവും വ്യത്യസ്തമായ അനുഭൂതികളാണ് നമുക്കുപകരുന്നത്. അതിൽതന്നെ, മനുഷ്യമനസ്സുകൾക്ക് അനുസൃതമായി വ്യതിരിക്തമായ അനുഭവങ്ങളായി മാറുന്നു.അത്തരത്തിലുള്ള അനുഭവങ്ങളും ഹൃദയം നിറഞ്ഞൊഴുകുന്ന വികാരവിക്ഷോഭങ്ങളും ഭൂമിയെ മാലിന്യമുക്തമാക്കാൻ പ്രയത്നിക്കേണ്ടതിന്റെ ആവശ്യകതയും ഉൾക്കൊള്ളുക, സ്വീകരിക്കുക.

**നന്ദി................**



# ഉണർവ്
## നാലാം ലക്കം ഇവരിലൂടെ....